I.ഇ.ബി. XII– കേരള നിയമസഭ/I-6

**പതിനൊന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ജൂൺ 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തിരപ്രമേയം**

23–06–.2006–ന് സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ചോർന്നതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ : 23–06–2006–ൽ സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന നികുതി നിർദ്ദേശങ്ങൾ ചോർന്നത് ഗുരുതരവും സംഭ്രമജനകവുമാണ്. ധന കാര്യവകുപ്പുമന്ത്രി നടത്തിയ അഭിമുഖങ്ങളിലൂടെയും പ്രസ്താവനകളിലൂടെ യുമാണ് ബഡ്ജറ്റ് രഹസ്യങ്ങൾ പുറത്തുവന്നിരിക്കുന്നത്. ഇതിന്റെ വിശദാം ശങ്ങൾ പ്രമുഖ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുളളതാണ്. ഇത് സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ.എം.മാണി, കെ. സി. ജോസഫ്, സി.ടി.അഹമ്മദ് അലി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 23-06-2006-ൽ നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ചോർന്നു എന്നുള്ളത് തികച്ചും അടിസ്ഥാനരഹിതമായ കാര്യമാണ്. വാറ്റിലെ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച് പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. എ.കെ.ജി.പഠന ഗവേഷണ കേന്ദ്രം നടത്തിയ സെമിനാറിന്റെ രേഖയിൽ കേരളത്തിലെ നികുതി ഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വാറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നിരക്കുകൾ ഇൻഡ്യാ രാജ്യത്ത് ഏകീകൃതമായി നടപ്പിലാക്കാൻ പാടില്ല. മറിച്ച് അവ ഫ്ളോർ റേറ്റായി കരുതപ്പെടണം. സംസ്ഥാനങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ ആഡംബര ഉൽപ്പന്നങ്ങളുടെ മേൽ കൂടുതൽ നികുതി ചുമത്താനുള്ള അവകാശം ഉണ്ടാകണം. അതിനുള്ള ഫെഡറൽ ഫ്ളെക്സിബിലിറ്റിയും വേണം. ഏതെങ്കിലും ഉൽപ്പന്നത്തെക്കുറിച്ചോ വരുത്തേണ്ട നിരക്കുകളെക്കുറിച്ചോ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് കരുതുന്നില്ല.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഒട്ടും ശരിയായ കാര്യമല്ല. മാർക്സിസ്റ്റ് പാർട്ടിയുടെ പ്രഖ്യാപനങ്ങളോ സിദ്ധാന്തപരമായ ചർച്ചകളോ ആർക്കും നടത്താം. 23-ാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുൻപ് ധനകാര്യ വകുപ്പുമന്ത്രി നേരിട്ട് ഇന്ന ഇനം നികുതി വർദ്ധിപ്പിക്കാൻ പോകുന്നു എന്നുള്ള സൂചന നൽകുന്നത് തെറ്റാണ്. ആഡംബര വസ്തുക്കൾക്ക് നികുതി ഉയർത്താൻ പോകുന്നുവെന്ന ബഡ്ജറ്റിലെ നികുതി നിർദ്ദേശമാണ് പുറത്തുവിട്ടത്. ഇത് തെറ്റായ കാര്യമാണ്. കെട്ടിട നികുതി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിക്കുന്നത് വരുമാനം കൂട്ടാനുള്ള മാർഗ്ഗമാണ്. കെട്ടിടത്തിന്റെ വിസ്തീർണ്ണമനുസരിച്ചാണ് നികുതി

ഈടാക്കേണ്ടതെന്നാണ് നിയമം. ഇതൊരിടത്തും പാലിക്കപ്പെടുന്നില്ല. ഭൂമി വില വർദ്ധിപ്പിച്ചതനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചില്ല. പെൻഷൻ കുടിശ്ശി കയ്ക്കുള്ള തുകയും റേഷൻ സബ്സിഡിക്കുള്ള 150 കോടി രൂപയും കൃഷി ക്കാർക്കുള്ള പ്രഖ്യാപിത പാക്കേജ് നടപ്പിലാക്കാനുള്ള 150 കോടി രൂപയും കണ്ടെത്തണം. സ്വർണ്ണം ഉൾപ്പെടെയുള്ള ആഡംബര വസ്തുക്കൾക്ക് കൂടു തൽ നികുതി ചുമത്തി അത് കൃത്യമായി പിരിച്ചെടുക്കാനുള്ള സൗകര്യമുണ്ടാ ക്കണം. ഇതൊക്കെ ഡയറക്ടായി പറഞ്ഞത് തെറ്റാണ്. ലാത്തിച്ചാർജ്ജിനെപ്പ റ്റിയുള്ള വിഷയം മാത്രമല്ല അടിയന്തിരപ്രമേയമായി ചർച്ച ചെയ്യുന്നത്. മന്ത്രി യുടെ ഭാഗത്തുനിന്ന് വന്നിരിക്കുന്ന കുറ്റകരമായ വീഴ്ചയെ സംബന്ധിച്ചും ചർച്ച ചെയ്യാം. ഇതൊരു പ്രിവിലേജ് അല്ല. മന്ത്രിയെപ്പറ്റി നടത്തേണ്ട അന്വേ ഷണമാണ്; ഗുരുതരമായ കേസാണ്. ശക്ധർ ആന്റ് കൗളിൽപ്പോലും ഇതിന്റെ പ്രൊസീഡ്യൂവറിനെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. പരമരഹ സ്യമായി സൂക്ഷിക്കേണ്ട ബഡ്ജറ്റ് പത്രക്കാരുടെ മുന്നിൽ ലീക്കാക്കിയ മന്ത്രി യുടെ കോൺടക്ടിനെക്കുറിച്ച് അന്വേഷിക്കണം. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം മറ്റ് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ബഹുമാനപ്പെട്ട കെ.എം.മാണിയുടെ കുറിപ്പ് കിട്ടിയപ്പോൾ ഗൗരവമുള്ള പ്രശ്നമാണെന്നാണ് കരുതിയത്. പ്രോപ്പർട്ടി ടാക്സിന് പരിഷ്കാരം വേണം എന്നത് ഈ സംസ്ഥാ നത്തെ നിയമത്തിന്റെ ഭാഗമാണ്; പ്രിൻസിപ്പൽ ആക്ടിലുള്ളതാണ്. അത് നട പ്പാക്കാനാണ് ഈ ബഡ്ജറ്റ്. ബഡ്ജറ്റിന് മുമ്പും ശേഷവും ഇത് പറയാം. ഇത് നയപരമായിട്ടുള്ള കാര്യമാണ്. വളരെ കൃത്യമായ കാഴ്ചപ്പാടുണ്ട്. ആ

കാഴ്ചപ്പാട് ബഡ്ജറ്റിലൂടെ നടപ്പിലാക്കുമെന്ന് പറയുകയും അതിന് ജനങ്ങളെ തയ്യാറെടുപ്പിക്കുകയും ചെയ്യേണ്ടത് ധനകാര്യ വകുപ്പുമന്ത്രിയുടേയും മുന്നണിയുടെയും കടമയാണ്. ഇതിൽ പരിഭ്രമിക്കേണ്ട കാര്യമില്ല. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൻമാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>കാർഷിക രംഗത്തെ പ്രശ്നങ്ങൾ</u>

<u>ശ്രീ. സി. കെ. പി. പത്മനാഭൻ</u>: കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന 55% – ൽനിന്ന് ഇപ്പോൾ 11.3% ആയി കുറഞ്ഞതായാണ് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. വിലത്തകർച്ചയുടെ ഫലമായി ആറ് ജില്ലകളിൽ മാത്രമായി 8000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നാണ് കാർഷികാദായ വില നിർണ്ണയ കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന, ഇൻഡ്യൻ കമ്പോളവും ലോക കമ്പോളവും തേടുന്ന മുപ്പതോളം വിളകൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്. ഈ വിലയിടിവ് കാർഷിക മേഖലയിലെ തൊഴിലവസരം കുറച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിൽദിനങ്ങൾ 120–ൽ നിന്നും 70 ആയി

കുറഞ്ഞു. സാമ്പത്തിക അവലോകന റിപ്പോർട്ടിൽ എല്ലാ വിളകളുടെയും കാർഷികോൽപ്പാദന വിസ്തൃതി കുറഞ്ഞിട്ടുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളെ ഗുരുതരമായി ബാധിക്കുന്ന വേരുചീയൽ, മണ്ഡരി, മഞ്ഞളിപ്പ്, ദ്രുതവാട്ടം എന്നീ രോഗങ്ങൾ കൃഷിയെ തകർത്തു. ശക്തമായ കീടനാശിനികളുടെ ഉപയോഗവും കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മണ്ണ് മരിക്കുകയാണ്. കേരളത്തിലെ ഒരു ഏക്കർ മണ്ണിൽ 112 Kg. നൈട്രജൻ, 4 Kg. ഫോസ്ഫറസ്, 44 Kg. പൊട്ടാഷ് (എൻ.പി.കെ.) എന്നിവ അനിവാര്യമായി ഉണ്ടായിരിക്കണമെന്നിരിക്കെ 50% പോലും ഇല്ലെന്നതാണ് റിപ്പോർട്ട്. അതുപോലെ രാസവളത്തിന്റെ അമിതമായ ഉപയോഗവും ഉണ്ട്. ഒരു ഏക്കറിൽ ആയിരം വാഴയ്ക്ക് 100 Kg. ഫ്യൂറിഡാൻ ഉപയോഗിക്കുന്നുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങളുടെ പരിഹാരത്തുക കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിലെ കർഷകർക്ക് ലഭിക്കുന്നില്ല. ഈ വർഷത്തെ നഷ്ടപരിഹാരത്തുക ഒരു പരിധിവരെ കൊടുത്തിട്ടുണ്ട്. അതിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച സ്ലാബ് സമ്പ്രദായം തിരുത്തിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കഴിഞ്ഞ 5 വർഷക്കാലം കേരള ഗവൺമെന്റും കേന്ദ്രഗവൺമെന്റും സ്വീകരിച്ചു കൊണ്ടിരിക്കുന്ന നയത്തെക്കുറിച്ചും പാട്ട കൃഷി സമ്പ്രദായം നിർത്താൻ പോകുന്നതിനെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യണം. കഴിഞ്ഞ 5 വർഷക്കാലത്തെ കാർഷിക നയത്തെ സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): കാർഷിക മേഖലയിലെ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ ഒരു സാമൂഹിക പ്രശ്ന

മായി മാറിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുണി സർക്കാർ ഒരു കർഷകപക്ഷ നയം രൂപീകരിക്കുന്നതിന് കർഷക സംഘടനകളുടെ അടിയന്തിര യോഗം വിളിച്ചു ചേർക്കുന്നതാണ്. നാളികേരം, കാപ്പി, കശുവണ്ടി എന്നിവയുടെ ഉൽപ്പാദനക്കുറവും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും കർഷകരെ സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 239 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഈ ആത്മഹത്യക്കേസുകളെല്ലാം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.അതിന്റെ പൂർണ്ണമായ കണക്ക് കിട്ടിയിട്ടില്ല. കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്രസർക്കാരിൽ നിന്നും നിർലോഭമായ സഹായം ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര പ്ളാനിംഗ് കമ്മീഷനിലെ മൂന്നംഗ സംഘം പഠനം നടത്തുകയുണ്ടായി. അവരുടെ റിപ്പോർട്ട് പ്രതീക്ഷിച്ചിരിക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.. ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 6 മാസം കൂടി നീട്ടിയിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ ഒരു ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ വാണിജ്യ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ സ്വകാര്യ പണമിടപാടുകാരിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ സംബന്ധിച്ച പ്രശ്ന ങ്ങൾ പരിഹരിക്കാൻ അർദ്ധജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ്ദുണാശ്വാസ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരിക യാണ്. ഇവ നടപ്പിലാക്കാനും കഴിഞ്ഞ കാലത്തെ കുറവുകൾ

പരിഹരിക്കാനും സമൂഹത്തിൽ അവബോധം ഉണ്ടാക്കാനും ഈ ഗവൺമെന്റ് ശ്രമിക്കും.

(2) കേരളത്തിലെ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

ശ്രീ.സി.പി.മുഹമ്മദ്: ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് കഴിഞ്ഞ വർഷം സംസ്ഥാനത്തുണ്ടായ 41678 അപകടങ്ങളിൽ 3051 പേർ മരണപ്പെടുകയും 51231 പേർക്ക് ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. നാട്പാക്കിന്റെ കണക്കനുസരിച്ച് കേരളത്തിൽ പ്രതിദിനം 113 അപകടങ്ങളും ശരാശരി 8 മരണങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ മരണപ്പാച്ചിൽകൊണ്ടും ഡ്രൈവർമാരുടെ അശ്രദ്ധകൊണ്ടും മോട്ടോർ വാഹനങ്ങളുടെ തകരാറ് കൊണ്ടുമാണ് ഈ അപകടങ്ങളുണ്ടാകുന്നത്. വിദേശ രാജ്യങ്ങളിൽ വാഹനാപകടങ്ങൾ കുറയുമ്പോൾ കേരളത്തിൽ വാഹനാപകടങ്ങൾ കൂടുകയാണ്. അമിത വേഗത്തിൽ വാഹനങ്ങൾ ഓടിച്ചാൽ പിഴ ഈടാക്കുന്നത് പ്രായോഗികമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ല. വേഗത നിയന്ത്രിക്കുന്നതിന് ആവശ്യത്തിന് സ്പീഡ് റഡാറുകളില്ല. ഓവർസ്പീഡ് കണ്ടുപിടിക്കുന്നതിനുവേണ്ടി ഹൈവേകളിൽപ്പോലും ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. മോട്ടോർ വാഹന നിയമം പാലിച്ചുകൊണ്ടാണോ വാഹനങ്ങൾ ഓടിക്കുന്നതെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനമില്ല. കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാനുള്ള സംവിധാനമില്ല. വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ട്രാഫിക് പോലീസില്ല. വാഹനങ്ങൾ കൂടുന്നതനുസരിച്ച് ട്രാഫിക് പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കണം. ബ്രീത്ത് അനാലിസിസിനും രക്തപരിശോധനയ്ക്കും വേണ്ടത്ര ലാബുകൾ സംസ്ഥാനത്തില്ല. വാഹനാപകടത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ 2 വർഷത്തെ

തടവുശിക്ഷ നൽകുന്ന നിയമം ഭേദഗതി ചെയ്യണം. സമയനിഷ്ഠ പാലിക്കാതെ പ്രൈവറ്റ് ബസ്സുകൾ ഓടിക്കുക, ട്രാഫിക് നിയമങ്ങളുടെ അജ്ഞത, റോഡ് നിർമ്മാണത്തിലെ അപാകത എന്നിവയും റോഡപകടങ്ങൾക്ക് കാരണമാകുന്നു. റോഡപകടങ്ങളെ സംബന്ധിച്ച് സിഗ്നൽ സ്ഥാപിക്കുക, തുടരെത്തുടരെ അപകടങ്ങൾ ഉണ്ടാകുന്നിടത്തെ ക്കുറിച്ച് ശ്രദ്ധയില്ലായ്മ, ലൈസൻസ് നൽകുന്നതിലെ അഴിമതി ഇതെല്ലാം അപകടം വർദ്ധിക്കുന്നതിന് കാരണമാണ്. ഡ്രൈവിംഗിൽ ശാസ്ത്രീയമായ പരിശീലനം നൽകണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയുംവകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്) ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലുണ്ടാകുന്ന റോഡപകടങ്ങളുടേയും മരണങ്ങളുടേയും നിരക്ക് വളരെ കൂടുതലാണ്. അലക്ഷ്യമായും മദ്യപിച്ചും റോഡ് നിയമങ്ങൾ പാലിക്കാതെയും അമിതവേഗത്തിലും വാഹനമോടിക്കുക, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാതെ വാഹന നിർമ്മാണം നടത്തുക എന്നിവ വാഹനാപകട കാരണങ്ങളാണ്. സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്നാണ് കണക്ക്. 2005–ൽ 42365 അപകടങ്ങളാണ് ഉണ്ടായിരിക്കുന്നത്. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ഗതാഗത കമ്മീഷണർ അദ്ധ്യക്ഷനായി സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങൾ കണ്ടെത്തി ആവശ്യമായ തിരുത്തൽ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. ട്രാഫിക് നിയമലംഘനം നടത്തുന്നവരുടെയും മദ്യപിച്ചും അമിത വേഗത്തിലും വാഹനം ഓടിക്കുന്നവരുടേയും പേരിൽ കർശന നിയമനടപടി

സ്വീകരിക്കുന്നതാണ്. ട്രാഫിക് നിയമം സംബന്ധിച്ച ബോധവൽക്കരണ ക്ളാസുകൾ നടത്തും. ട്രാഫിക് കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കാൻ ഫ്രീകാൾ സംവിധാനം നിലവിലുണ്ട്. ട്രാഫിക് ബോർഡുകൾ സ്ഥാപിക്കുക, റോഡ് മാർക്കിംഗ് നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഏജൻസികളുടേയും വകുപ്പുകളുടേയും ഏകോപിച്ചുള്ള പ്രവർത്തനം നടത്തും. റോഡപകടങ്ങൾക്ക് ഇരയായവർക്ക് ട്രോമാ കെയർ സംരക്ഷണം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് റോഡ്സുരക്ഷാ ഫണ്ട് ബിൽ അവതരിപ്പി ക്കാനുള്ള നടപടി പൂർത്തിയായിവരുന്നു. അതോറിട്ടിയുടെ പ്രവർത്തനം കാര്യക്ഷമമാകുമ്പോൾ അപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷ ഉറപ്പു വരുത്താനും കഴിയും

**സബ്മിഷൻ**

(1) <u>മലപ്പുറം ജില്ലയിലെ ചീക്കോട് കുടിവെള്ള പദ്ധതി</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: മലപ്പുറം, കോഴിക്കോട് ജില്ലകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി രൂപം കൊടുത്ത ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 60 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഈ പദ്ധതിക്ക് എൽ.ഐ.സി.യിൽ നിന്ന് സഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തുകയും അത് ഏറെക്കുറെ വിജയിച്ച തുമാണ്. ഏറെ പ്രയോജനപ്രദമായ ചീക്കോട് കുടിവെള്ള പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മലപ്പുറം ജില്ല യിലെ രണ്ട് മണ്ഡലങ്ങളിലും കോഴിക്കോട് ജില്ലയിലെ ബേപ്പൂർ മണ്ഡലം ഉൾപ്പെടെ 10 വില്ലേജുകൾക്കും കുടിവെള്ളം എത്തിക്കുന്ന ബൃഹത്തായ ഈ ജലവിതരണ പദ്ധതി 1996–97–ൽ ആരംഭിച്ചതാണ്. ഈ സ്കീം പൂർത്തിയാ ക്കാൻ കഴിയാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം എൽ.ഐ.സി ശുദ്ധജല വിതരണ പദ്ധതികൾക്ക് നൽകികൊണ്ടിരുന്ന വായ്പ തുടർന്ന് നൽകുന്നതി ലുണ്ടായിട്ടുള്ള കാലതാമസമാണ്. ധനലഭ്യതയുടെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഈ പദ്ധതി പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(2) പരവൂർ മുനിസിപ്പാലിറ്റിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. എൻ. അനിരുദ്ധൻ: കേരളത്തിൽ ഫയർ സ്റ്റേഷനില്ലാത്ത ഏക മുനിസിപ്പാലിറ്റിയാണ് പരവൂർ. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ പരവൂർ മുനിസിപ്പാലിറ്റിയെ ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ അതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പരവൂർ മുനിസിപ്പാലിറ്റി 5,000 രൂപ പ്രതിമാസം വാടക കൊടുത്ത് കെട്ടിടവും സൗകര്യങ്ങളും ഏർപ്പെ ടുത്തിയിട്ടുണ്ട്. അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) .പരവൂരിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭി ക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് 2003–ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം

പരവൂർ നഗരസഭ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം ഇതുവരെയും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിന് കൈമാറിയിട്ടില്ല. താൽക്കാലികമായി പരവൂരിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിന് പരവൂർ നഗര സഭ കെട്ടിടം വാടകയ്ക്കെടുത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

(3) കോട്ടപ്പടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രി യായി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ.എം. ഉമ്മർ: മലപ്പുറത്തുള്ള സി.എച്ച്.സി താലൂക്ക് ആശുപത്രി യാക്കി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): മലപ്പുറം ജില്ലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 116 ബെഡ്ഡുള്ള ഒരു ആശുപത്രിയാണ്. അവിടെ മൂന്ന് സിവിൽ സർജൻമാരും അഞ്ച് അസിസ്റ്റന്റ് സർജൻമാരും പ്രവർത്തിക്കുന്നുണ്ട്. ഒരു സിവിൽ സർജന്റെ ഒഴിവുണ്ട്. ആ ഒഴിവ് നികത്താൻ കരാർ അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിശ്ചയിച്ചിട്ടുണ്ട്. ഒരു നഴ്സിംഗ് സൂപ്രണ്ടും രണ്ട് ഹെഡ് നഴ്സു മാരും 11 സ്റ്റാഫ് നഴ്സുമാരുമുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പരി മിതിമൂലം ഈ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ ഇപ്പോൾ കഴിയില്ല.

(4) പ്രൊഫഷണൽ കോഴ്സുകൾക്ക് ബാങ്ക് വായ്പ

ശ്രീ. കെ.സി. ജോസഫ്: പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന സാമ്പത്തിക പ്രയാസമുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് സഹായകരമായ നിർദ്ദേശങ്ങളാണ് റിസർവ് ബാങ്കും കേന്ദ്ര ധനകാര്യ വകുപ്പും നൽകിയിട്ടുള്ളത്. പക്ഷേ വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷി

ക്കുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിൽ ആ വായ്പ ലഭിക്കാനുള്ള നടപടി ബാങ്കുകൾ സ്വീകരിക്കുന്നില്ല. മെറിറ്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്കുപോലും പഠിക്കാനാകാത്ത ഗുരുതരമായ സാഹചര്യം നിലവിലുണ്ട്. ഗവൺമെന്റ് മുൻകൈയെടുത്ത് സ്റ്റേറ്റ് ലെവൽ ബാങ്ക് കമ്മിറ്റി യോഗം വിളിച്ചുകൂട്ടി കേരളത്തിലെ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസ വായ്പ നൽകാൻ കർശനമായ നിർദ്ദേശം നൽകണം

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): കേന്ദ്ര ഗവൺമെന്റ് റിസർവ് ബാങ്കിന്റെ സഹായത്തോടുകൂടി ഇന്ത്യൻ ബാങ്ക് അസോസിയേഷനുമായി ചേർന്ന് ഒരു കോംപ്രിഹെൻസീവ് എഡ്യൂക്കേഷണൽ ലോൺ സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ സ്കീം അനുസരിച്ച് ഇന്ത്യയ്ക്കുള്ളിൽ 7.5 ലക്ഷം രൂപവരെയും ഇന്ത്യയ്ക്ക് പുറത്ത് 15 ലക്ഷം രൂപവരെയും വായ്പ ലഭിക്കാനുള്ള സൗകര്യമുണ്ട്. നാല് ലക്ഷം രൂപവരെ വായ്പ കിട്ടാൻ കൊളാറ്ററൽ സെക്യൂരിറ്റി നൽകേണ്ടതില്ല; രക്ഷ കർത്താക്കൾ സെക്യൂരിറ്റി കൊടുത്താൽ മതി. പ്രൈം ലെൻഡിംഗ് റേറ്റ് അനുസരിച്ചുള്ള പലിശയാണ് 4 ലക്ഷം വരെയുള്ള ലോണുകൾക്ക് നൽകേണ്ടത്. 4 ലക്ഷത്തിനു മുകളിലുള്ള ലോണിന് പ്രൈം ലെൻഡിംഗ് റേറ്റിനുപുറമെ ഒരു ശതമാനംകൂടി പലിശ നൽകണം. 5 വർഷം മുതൽ 7 വർഷം വരെയുള്ള സമയത്തിനുള്ളിൽ ഇത് തിരിച്ചടയ്ക്കാൻ അവസരമുണ്ട്. വിദ്യാഭ്യാസം കഴിഞ്ഞാൽ ഒരു വർഷം ഗ്രേസ് പിരീഡായിട്ട് നൽകാനാണ് വ്യവസ്ഥയുള്ളത്. പരാതികൾ പരിശോധിക്കാൻ ജില്ലാ കളക്ടർ ചെയർമാനായും ലീഡ് ബാങ്ക് മാനേജർ, ടെക്നിക്കൽ എഡ്യൂക്കേഷന്റെയും

കൊളീജിയേറ്റ് എഡ്യൂക്കേഷന്റെയും ജോയിന്റ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ നിലവിലുണ്ട്.

(5) തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കുടിയിറക്ക് ഭീഷണി

ശ്രീ. കെ. പി. മോഹനൻ : വടക്കേക്കളം എസ്റ്റേറ്റിലെ അറുന്നൂറിൽപ്പരം വരുന്ന കർഷകരെ കുടിയിറക്ക് നടപടിയിൽനിന്ന് വിമുക്തമാക്കാൻ വേണ്ടി 12.8.2005-ന് ഒരു ബിൽ നിയമസഭ പാസ്സാക്കിയെങ്കിലും അതിന്റെ ആനുകൂല്യം ഇതുവരെ കർഷകർക്ക് ലഭിച്ചിട്ടില്ല. അവർക്ക് പട്ടയം ലഭ്യമാക്കാനും നികുതി അടയ്ക്കാനുമുള്ള സൗകര്യം ചെയ്തുകൊടുക്കണം. .

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): ഇക്കാര്യം ഈ സഭയിൽ സബ്മിഷനുകളായി പലതവണ ചർച്ച ചെയ്തതും അതിനുശേഷം ബിൽ കൊണ്ടുവന്ന് പാസ്സാക്കിയതുമാണ്. പക്ഷേ ബില്ലിന് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയിട്ടില്ല. കർഷകരെ കുടിയൊഴിപ്പിക്കുന്ന രൂക്ഷമായ ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ബില്ലിന് അംഗീകാരം തേടാനുള്ള ശ്രമം തുടരുന്നതാണ്. കൃഷിക്കാരെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അവരെ കുടിയൊഴിപ്പിക്കുന്ന പ്രശ്നമില്ല .

(6) കശുവണ്ടി വ്യവസായമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ.ബി.രാഘവൻ: സ്ത്രീകളുൾപ്പെടെ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി വ്യവസായ മേഖലയിൽ ലൈസൻസ് സമ്പ്രദായം കൊണ്ടുവന്ന് അരക്ഷിതാവസ്ഥയും അരാജകത്വവും സൃഷ്ടിച്ചിരിക്കുകയാണ്.തൊഴിലാളികൾക്ക് ഒരു ആനുകൂല്യവും നൽകുന്നില്ല. മിനിമം കൂലി വ്യവസ്ഥ നടപ്പിലാക്കുന്നില്ല. ചെറുതും വലുതുമായ നിരവധി സ്വകാര്യ ഫാക്ടറികൾ വർഷങ്ങളായി അടച്ചിട്ടിരിക്കുകയാണ്, അവ തുറക്കാ

നുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. മുതലാളിമാരെ വിളിച്ച് ചർച്ച ചെയ്യണം. മുതലാളിമാർക്ക് വിട്ടുകൊടുത്തിരിക്കുന്ന ഫാക്ടറികൾ കെ.എസ്.സി.ഡി.സി.യുടെ പരിധിയിൽ കൊണ്ടുവന്ന് തൊഴിൽ ഉറപ്പാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. പിരിഞ്ഞുപോയ കെ.എസ്.സി.ഡി.സി.ലേയും കാപ്ക്സിലേയും തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി നൽകാനുള്ള നടപടി സ്വീകരിക്കണം. അഞ്ച് വർഷത്തിൽ ഒരിക്കൽ കൂലി പുതുക്കി നിശ്ചയിക്കണമെന്നുള്ള വ്യവസ്ഥയും പാലിക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യണം. ജോലിസുരക്ഷ ഉറപ്പുവരുത്തണം. കാഷ്യു ബോർഡ് രൂപീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൊഴിലാളികൾക്ക് പ്രഖ്യാപിച്ച പെൻഷൻ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിക്കണം.

<u>ശ്രീ. വർക്കല കഹാർ</u>: നിലവിലുള്ള മിനിമം വേജസ് ആക്ട് പ്രകാരം 5 വർഷം കൂടുമ്പോൾ കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ടതാണ്. അതിനുള്ള നടപടി കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചെങ്കിലും തെരഞ്ഞെടുപ്പിന്റെ പ്രത്യേക സാഹചര്യത്തിൽ അത് നടപ്പിലാക്കാൻ സാധിച്ചില്ല. അവരുടെ മിനിമം കൂലി എത്രയും വേഗം പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ഗുരുദാസൻ):</u> രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുമെന്ന് മുൻ ഗവണ്മെന്റ് ഒരു നോട്ടിഫിക്കേഷൻ വഴി പ്രഖ്യാപിച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. 1999 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ച മിനിമം കൂലിയാണ് ഇപ്പോൾ നിലവിലുള്ളത്. അത് വീണ്ടും പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സർക്കാർ

സ്വീകരിച്ചുവരികയാണ്. അടച്ചിട്ട കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. നെടുവത്തൂർ, കല്ലമ്പലം, മുഖത്തല, എഴുകോൺ എന്നിവിടങ്ങളിലെ 4 ഫാക്ടറികൾ 2002-ൽ കോടതി ഉത്തരവിനെത്തുടർന്ന് സ്വകാര്യ ഉടമകൾക്ക് കൈമാറിയിട്ടുള്ളതാണ്. കെ.എസ്.സി.ഡി.സി.യിൽ നിന്ന് 1988-ൽ വിരമിച്ച 8,000-ത്തോളം തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി നൽകുന്നതിന് ഏകദേശം 28 കോടി രൂപ വേണ്ടിവരും. കാപ്പെക്സിലും 8 വർഷത്തെ ഗ്രാറ്റ്യുവിറ്റി കുടിശ്ശികയുണ്ട്. കെ.എസ്.സി.ഡി.സി.യിലും കാപ്പെക്സിലും മിനിമം കൂലി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് 12 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(7) മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി

ശ്രീമതി കെ.എസ്. സലീഖ: മൂന്ന് മെഗാവാട്ട് ശേഷിയും പ്രതിവർഷം 84 ലക്ഷം യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കാൻ കഴിയുന്ന മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി കരിമ്പ പഞ്ചായത്തിലേയും മറ്റ് അഞ്ച് പഞ്ചായത്തുകളിലേയും വോൾട്ടേജ് വർദ്ധിപ്പിക്കാനും 30 ലക്ഷം രൂപയുടെ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും ഉതകുന്നതാണ്. 1999-ൽ പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം 'സിൽക്ക്' എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏല്പിക്കുകയും ചെയ്തു. 'സിൽക്ക്'- ന്റെ ഓർഡറിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി പൈപ്പുകളും ജനറേറ്ററുകളും ഏതാനും മെഷിനറികളും വാങ്ങിയിട്ടുണ്ട്. 96 ലക്ഷം രൂപയാണ് സിൽക്കിന് മെഷിനറി വാങ്ങുന്നതിന്

കമ്പനി നൽകിയിട്ടുള്ളത്. പദ്ധതി പ്രദേശത്ത് 3 കിലോമീറ്റർ റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുത ലൈനിന്റെ പണിയും ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ശേഷിച്ച പണികൾ പൂർത്തിയാക്കണമെങ്കിൽ നബാർഡിന്റെ ധനസഹായം ആവശ്യമാണ്. ഇതിനായി അവർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും ധനസഹായം ലഭ്യമാകണമെങ്കിൽ സർക്കാർ ഗ്യാരന്റി നൽകണം. ഈ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മണ്ണാർകാട് കരിമ്പ് പഞ്ചായത്തിൽ തൂതപ്പുഴയിൽ തുപ്പനാട് കൈവഴിയിൽ മീൻവല്ലത്ത് തടയണ കെട്ടി 3 മെഗാവാട്ട് ശേഷിയും 84 ലക്ഷം യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കാൻ കഴിയുന്ന മീൻവല്ലം ചെറുകിട ജല വൈദ്യുത പദ്ധതിയുടെ ആകെ ചെലവ് 10 കോടി രൂപയാണ്. കഴിഞ്ഞ യു. ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചെങ്കിലും ഗവണ്മെന്റ് ഗ്യാരന്റി നൽകാത്തതിനാൽ ഇതിന്റെ പ്രവർത്തനം സ്തംഭിച്ചു. ഇപ്പോൾ നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതാണ്.

### (8) വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിലെ കാലതാമസം

ശ്രീ. എ.സി. മൊയ്തീൻ: വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പും അപ്രോച്ച് റോഡിന്റെ പണിയും പൂർത്തിയായി അഞ്ച് വർഷം കഴിഞ്ഞിട്ടും മേൽപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ

പ്രവൃത്തിക്ക് ആവശ്യമായ പണം നൽകാൻ കഴിഞ്ഞിട്ടില്ല. കുറച്ച് സംഖ്യ റെയിൽവേയ്ക്ക് നൽകിയെങ്കിലും റെയിൽവേ ചെയ്യേണ്ട പണിയുടെ ടെണ്ടർ നടപടി മാത്രമേ ആരംഭിച്ചിട്ടുള്ളു. റെയിൽവേയുടെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പണം നൽകിയാൽ മാത്രമേ ബാക്കി പണിക്ക് ടെണ്ടർ വിളിച്ച് മേൽപ്പാലത്തിന്റെ പണി പൂർത്തീകരിക്കാനാവൂ. എത്രയുംപെട്ടെന്ന് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും പണി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വടക്കാഞ്ചേരി മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ഒരു വർഷത്തിനുമുമ്പു തന്നെ പൂർത്തീകരിച്ചു. റെയിൽവേ ട്രാക്കിനു മുകളിൽ വരുന്ന മേൽപ്പാലത്തിന്റെ പണി റെയിൽവേ വകുപ്പാണ് ചെയ്യേണ്ടത്. ഇതിനുവേണ്ടി 295.16 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യാൻ റെയിൽവേ നിർദ്ദേശിച്ചിരിക്കുകയാണ്. ധനകാര്യവകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പാലത്തിന്റെ ടെൻഡർ 55 ലക്ഷം രൂപയാണ്. 55 ലക്ഷം രൂപ മുടക്കുള്ള ഒരു മേൽപാലത്തിന് 295 ലക്ഷം രൂപ റെയിൽവേ ആവശ്യപ്പെടുന്നത് നീതിയല്ല. ഇത് മുഖ്യമന്ത്രി ഉൾപ്പെടെ ടേക് അപ് ചെയ്യണം. യഥാർത്ഥ തുക മാത്രമേ ഈടാക്കാൻ പാടുള്ളുവെന്ന് റെയിൽവേയോട് ആവശ്യപ്പെടണം.

### (9) 21-06-2006-ന് എൻ.ജി.ഒ. അസോസിയേഷൻ നടത്തുന്ന പ്രകടനവും ധർണ്ണയും

ശ്രീ.ജി. കാർത്തികേയൻ: നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിരുദ്ധമായ സ്ഥലംമാറ്റം റദ്ദാക്കുക, ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, കുടിശ്ശികയുള്ള 3 ഗഡു ക്ഷാമബത്ത അനുവദിക്കുക

തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരളാ എൻ.ജി.ഒ. അസോസിയേഷൻ ഇന്ന് കേരളത്തിലെ കളക്ടറേറ്റുകൾക്കും സെക്രട്ടേറിയറ്റിനും മുമ്പിൽ കൂട്ടധർണ്ണയും പ്രകടനവും നടത്തുകയാണ്. സെക്രട്ടേറിയറ്റിൽ ഒരു സമരവുമായി ബന്ധപ്പെട്ട് വിജയകുമാരി എന്ന സ്ത്രീയെ മർദ്ദിച്ചതു സംബന്ധിച്ച കേസിൽ കോടതി ശിക്ഷിച്ച 7 ജീവനക്കാരെ കഴിഞ്ഞ ഗവൺമെന്റ് പിരിച്ചുവിടുകയും ഈ സർക്കാർ അവരെ തിരിച്ചെടുക്കുകയും ചെയ്തു. അവരെ തിരിച്ചെടുത്ത ദിവസംതന്നെ പരാതിക്കാരിയായ ഈ സ്ത്രീയെ കോഴിക്കോട്ടേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. ഗുരുതരമായ അസുഖമുള്ളവരേയും പെൻഷനാകാൻ 2 മാസം മാത്രമുള്ളവരേയും ട്രാൻസ്ഫർ ചെയ്യുന്നത് ജനാധിപത്യ സംവിധാനത്തിന് ചേർന്ന നടപടിയല്ല. ധാർമ്മികതയില്ലാത്ത ഇത്തരം സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ച് ട്രാൻസ്ഫറിന്റെ കാര്യത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി നീതിപൂർവ്വമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പ്രതികാരബുദ്ധിയോടെ സർക്കാർ ജീവനക്കാരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റുന്നു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. പുതിയതായി അധികാരമേൽക്കുന്ന സർക്കാരിന് അവരുടെ നയപരിപാടികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ചില പ്രധാന സ്ഥാനങ്ങളിൽ സ്ഥലംമാറ്റം അനിവാര്യമാണ്. പൊതുതാൽപ്പര്യവും ഭരണസൗകര്യവും മുൻനിർത്തി ഏറ്റവും അനുയോജ്യമെന്നു തോന്നിയ ട്രാൻസ്ഫർ മാത്രമേ നടത്തിയിട്ടുള്ളൂ. ഇക്കാര്യത്തിൽ നടത്തുന്ന സമരപരിപാടികൾ അനവസരത്തിലുള്ളതും രാഷ്ട്രീയപ്രേരിതവുമാണ്. അധികാരമേറ്റയുടൻ നിയമന നിരോധനം നടത്തുകയും ശമ്പളം വെട്ടിക്കുറ

യ്ക്കുകയും ചെയ്ത യു.ഡി.എഫ്. ഗവണ്മെന്റിന്റെ നയമല്ല ഈ ഗവണ്മെന്റിന്റേത്.

(10) <u>പാറശ്ശാല ഡിപ്പോയോടനുബന്ധിച്ച് വർക്ക്ഷോപ്പ്</u>

<u>ശ്രീ. ആർ. സെൽവരാജ്</u> : പാറശ്ശാല കെ.എസ്.ആർ.ടി.സി. ഡിപ്പോയോടു ചേർന്നുള്ള 9 ഏക്കർ സ്ഥലം റീജിയണൽ വർക്ക്ഷോപ്പ്, പ്രിന്റിംഗ് പ്രസ്സ് തുടങ്ങിയവ സ്ഥാപിക്കാൻ 1983–ൽ പൊന്നുംവിലയ്ക്കെടുക്കുകയും 40 ലക്ഷംരൂപ ചെലവാക്കുകയും ചെയ്തിട്ട് യാതൊന്നും തുടങ്ങിയിട്ടില്ല. ഈ സ്ഥലം കൈയടക്കുന്നതിനുള്ള ആവശ്യവുമായി പല വകുപ്പുകളും വന്നിട്ടുണ്ട്. ഈ സ്ഥലത്ത് കോ–ഓപ്പറേറ്റീവ് മേഖലയിലോ കെ.എസ്.ആർ.ടി.സി. വകയിലോ ഒരു പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു.ടി. തോമസ്)</u> പാറശ്ശാല കെ.എസ്.ആർ.ടി.സി. ഡിപ്പോയോടുചേർന്നുള്ള 8 ഏക്കർ 57 സെന്റ് സ്ഥലത്ത് 2,500 ചതുരശ്ര അടി വിസ്തൃതിയുള്ള പണി പൂർത്തിയാകാത്ത ഒരു കെട്ടിടമുണ്ടെങ്കിലും ഒരു വർക്ക് ഷോപ്പ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ ചുറ്റുമതിലോ ഇല്ല. ആവശ്യമായ മറ്റ് കെട്ടിടങ്ങളും നിർമ്മിച്ച് വർക്ക് ഷാപ്പ് സ്ഥാപിക്കുക എന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ അത് പരിഗണിക്കാൻ സാദ്ധ്യമല്ല. സാമ്പത്തികനില മെച്ചപ്പെടുമ്പോൾ ഡിപ്പോയോടനുബബന്ധിച്ചുള്ള സ്ഥലം ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശകസമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി.സി. വിഷ്ണുനാഥ് : നന്ദിപ്രമേയത്തെ എതിർക്കുന്നു. നയ പ്രഖ്യാപന പ്രസംഗത്തിൽ പുതിയ പ്രഖ്യാപനങ്ങളില്ലെന്നു മാത്രമല്ല, കൊള്ളാവുന്ന പ്രഖ്യാപനങ്ങളെല്ലാം യു.ഡി.എഫ്. ഗവണ്മെന്റ് നടപ്പി ലാക്കിയതും കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമാണ്. അലക്കുതൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, പീടിക തൊഴിലാളി കൾ തുടങ്ങിയവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ യു.ഡി.എഫ്. ഗവണ്മെന്റ് ജനജീവിതം ദു:സഹമാക്കിയെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നതിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്ന് ആലോചിക്കണം. പാവപ്പെട്ടവർക്ക് മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി കൊടുത്തതിലൂടേയും അക്ഷയ, ആശ്രയ, കുടുംബശ്രീ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും വലിയൊരു സാമൂഹ്യ മാറ്റമാണ് കഴിഞ്ഞ കാലത്തുണ്ടായത്. സാമ്പത്തിക വളർച്ചാനി രക്ക് 9.2. ശതമാനം കൈവരിച്ച യു.ഡി.എഫ്. ഗവണ്മെന്റ് പുതിയൊരു വികസന സംസ്ക്കാരമാണ് ഇവിടെ കൊണ്ടുവന്നത്. ആരോഗ്യ പരിപാലന

രംഗത്തും ടൂറിസം മേഖലയിലും വളരെയധികം പുരോഗതി കൈവരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. കരിമണൽ ഖനനത്തിനെതിരെ വാദിച്ചവർ ഇപ്പോൾ കരിമണൽ ഖനനം നടത്തുമെന്ന് പറയുന്നത് അതിശയോക്തിയുളവാക്കുന്ന താണ്. ഏഴ് കമ്മിറ്റികൾ കുറ്റക്കാരനെന്നു കണ്ടെത്തിയ വ്യക്തിയുമായിട്ടാണ് ഈ മന്ത്രിസഭ മുന്നോട്ടുപോകുന്നത്. സ്കൂളുകൾ ആദ്യമായി അടച്ചുപൂട്ടി യത് 1987-ലെ നായനാർ ഗവണ്മെന്റാണെന്ന കാര്യം വിസ്മരിച്ചുകൊണ്ടാണ് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് സ്കൂളുകൾ അടച്ചുപൂട്ടിയതായി ഇവിടെ പറഞ്ഞത്. അനാദായകരമാണെന്ന് പറഞ്ഞ് 107 സ്കൂളുകൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് അടച്ചുപൂട്ടുകയും നിയമന നിരോധനം ഏർപ്പെ ടുത്തുകയും ചെയ്തു. പ്രതീക്ഷയില്ലാത്തതും അവ്യക്തവുമായ ഒരു നയപ്രഖ്യാപനമാണിത്.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> : നന്ദി പ്രമേയത്തെ പിൻതാങ്ങുന്നു. കേരളത്തെ വളർച്ചയിലേയ്ക്ക് നയിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വീണ്ടും കേരളത്തെ പുരോഗതിയിലേയ്ക്ക് കൊണ്ടുവരാനുള്ള സാഹചര്യ മാണ് ഈ തെരഞ്ഞെടുപ്പിലൂടെ ലഭിച്ചിരിക്കുന്നത്. ജനങ്ങളുടെ ഉന്നമന ത്തിന് ഉതകുന്ന നയപ്രഖ്യാപനമാണിത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പൊതുകടത്തിൽ 20000 കോടി രൂപയുടെ വർദ്ധനവുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങളെയും സഹായിക്കുന്നതിനുവേണ്ടി എല്ലാ രംഗത്തും സമഗ്രമായ നടപടികളുമായി ട്ടാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 1500-ഓളം കർഷകർ ആത്മഹത്യ ചെയ്തു. അത്തരം 1500 കർഷക കുടുംബങ്ങൾക്ക് ഓരോ ലക്ഷം രൂപവീതം നൽകുമെന്ന് വാഗ്ദാനം ചെയ്തുവെങ്കിലും 50000 രൂപവീതം 200 കുടുംബങ്ങൾക്ക് മാത്രം കൊടുക്കുകയാണ് ചെയ്തത്.

കർഷകരെ സഹായിക്കാൻവേണ്ടി 240 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും അതിന്റെ സഹായമൊന്നും കർഷകർക്ക് ലഭിച്ചിട്ടില്ല. കർഷകരെ സഹായിക്കുന്ന ഒട്ടേറെ നടപടികൾ ഈ നയപ്രഖ്യാപനത്തിലുണ്ട്. കടംമൂലം ആത്മഹത്യ ചെയ്ത മുഴുവൻ കർഷക കുടുംബങ്ങൾക്കും സഹായം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് പരിശോധിക്കുക യാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എല്ലാ രംഗത്തും കൃത്യമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ദിനേശ് ബീഡി, വിനോദസഞ്ചാരം തുടങ്ങിയ മേഖല കളിൽ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികളിലെ പോരായ്മ ഈ ഗവൺമെന്റ് തിരുത്തും. യു.ഡി.എഫ്. സർക്കാർ വിദ്യാഭ്യാസ മേഖലയെ തകർത്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇഷ്യൂസിനെ ബേസ് ചെയ്തുകൊണ്ടു മാത്രമേ സമരം നടത്താറുള്ളു. അങ്ങനെയുള്ള സമര ങ്ങൾക്ക് മാത്രമേ ജനപിന്തുണ ഉണ്ടാകുകയുള്ളു.

ശ്രീ. സി.ടി. അഹമ്മദ് അലി : നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ ഒട്ടേറെ പദ്ധതികളാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. പുനർചിന്തനം നടത്തി തെറ്റുകൾ തിരുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. മുസ്ലീംലീഗ് തീവ്രവാദികളെ കൂട്ടുപിടിച്ചു കൊണ്ട് ഒരു വർഗ്ഗീയ പ്രവർത്തനവും ഇതുവരെ നടത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് പാസ്സാക്കിയ സ്വാശ്രയ വിദ്യാഭ്യാസ ബില്ലിൽ അപാകത കളുണ്ടെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള യാതൊരു കാര്യങ്ങളും നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ല. തീരദേശ മൽസ്യത്തൊഴിലാളികളെ പാടെ അവഗണിച്ചു. കടലാക്രമണംമൂലം ജീവനും

സ്വത്തും നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളുടെയും കൃഷിനാശം സംഭവിച്ച അടയ്ക്കാ കർഷകരുടേയും യാതനകൾ നേരിൽ കാണാൻ വന്ന കേന്ദ്ര സംഘത്തെ നാശനഷ്ടമുണ്ടായ മേഖലകളിലെത്തിക്കാനോ കേന്ദ്ര സഹായം ലഭ്യമാക്കിക്കൊടുക്കാനോ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതിമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൊടുക്കുന്ന സാമ്പത്തികസഹായം പരിമിതമാണ്. കാലവർഷക്കെടുതിമൂലം മരിച്ചവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും വീട് നഷ്ടപ്പെട്ടവർക്ക് 50,000 രൂപയും കാർഷിക വിളകൾ നഷ്ടപ്പെട്ടവർക്ക് ഇപ്പോൾ കൊടുക്കുന്ന തുകയുടെ ഇരട്ടിയും നൽകണം. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യ മാക്കാനുള്ള നടപടി സ്വീകരിക്കണം. മലബാർ പ്രദേശത്തെ റെയിൽപാത ഇരട്ടിപ്പിക്കലിനും ഇലക്ട്രിഫിക്കേഷനുമുള്ള നടപടികൾ ആരംഭിക്കണം. ആത്മഹത്യ ചെയ്ത കർഷകരുടെ മുഴുവൻ കടവും എഴുതിത്തള്ളണം. വിദ്യാഭ്യാസമേഖലയിൽ ഒഴിവുകളുള്ള പ്രിൻസിപ്പൽമാരുടേയും ഹെഡ്മാസ്റ്റർമാരുടേയും അദ്ധ്യാപകരുടേയും തസ്തികകൾ നികത്തുന്ന തിനും പാഠപുസ്തകങ്ങൾ അടിയന്തിരമായി എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. മൈത്രി ഭവനനിർമ്മാണ പദ്ധതിയിൽ ക്രമക്കേട് കാട്ടിയ മന്ത്രിയെ മാറ്റി നിർത്തി അന്വേഷണം നടത്തി കുറ്റവാളികളുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗാന്ധിയൻ ദർശനത്തിന്റെ സ്പർശവും മാർക്സിയൻ ദർശനത്തിന്റെ കാഴ്ചപ്പാടും കേരളത്തിന്റെ പ്രശ്നങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് അവ പരിഹരിക്കാനാവശ്യമായ നടപടികൾ എടുക്കുന്നതിനുള്ള വളരെ ശക്തമായ ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

കേരളത്തിലെ മഹാഭൂരിപക്ഷംവരുന്ന തൊഴിലാളികളേയും കഷ്ടപ്പെടുന്നവരേയും സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് കൊണ്ടു വരാനുള്ള സമഗ്രമായ പരിപാടികൾ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മേഖലയിലും തകർച്ചയും ആത്മഹത്യയും മാത്രം സമ്മാനിച്ച സർക്കാരാ യിരുന്നു കഴിഞ്ഞ 5 വർഷം കേരളം ഭരിച്ചിരുന്നത്. വിദ്യാഭ്യാസമേഖലയെ പൂർണ്ണമായി കച്ചവടവൽക്കരിച്ചു. കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ലാത്ത രീതിയിൽ ഒരു ആദിവാസിയെ വെടിവച്ചുകൊന്നു. ഗുണ്ടാ-മാഫിയാ സംഘങ്ങൾക്ക് തഴച്ചുവളരാൻ ഭരണാധികാരികളും പോലീസുകാരും അവസരം ഒരുക്കിക്കൊടുത്തു. ആരോഗ്യരംഗത്തെ തകർത്ത് തരിപ്പണമാക്കി. ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ കാലത്ത് കേരളം നാഥനില്ലാക്കളരിയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരമേറ്റയുടൻ തന്നെ സാധാരണക്കാരായ ആളുകൾക്ക് വൈദ്യസഹായം കൊടുക്കാൻ ജനകീയ സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. അഗതികൾക്ക് താങ്ങാവുന്ന ചെലവിൽ വൈദ്യസഹായം കൊടുക്കാൻ എൽ.ഡി.എഫ്. ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. മുൻ ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് പോലീസ് സേനയെ ആയുധവൽക്കരിച്ചുവെങ്കിലും വർഗ്ഗീയ കലാപങ്ങൾ അടിച്ചമർത്താൻ അവർക്ക് കഴിഞ്ഞില്ല. ഇതിനെല്ലാം അറുതി വരുത്താൻവേണ്ടി ജനങ്ങൾ എടുത്ത തീരുമാനത്തിന്റെ ഫലമായിട്ടാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നത്. പ്രതിപക്ഷം ജനവിധി അംഗീകരിക്കണം. ജനങ്ങളുടെ ക്ഷേമം മനസ്സിലാക്കിയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം കേരളത്തിലെ ജനങ്ങളെ വീണ്ടും വെളിച്ചത്തിലേയ്ക്ക് നയിക്കാൻ സഹായിക്കും.

<u>ശ്രീ. സി.എഫ്. തോമസ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. 1957–ലെ ഇ.എം.എസ്. ഗവണ്മെന്റിന്റെ കാലം മുതൽ 5 പ്രാവശ്യ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റുകൾ പാവപ്പെട്ടവന്റെ അവസ്ഥ മനസ്സിലാക്കിയില്ല. വർഗ്ഗീയശക്തികളെ കൂട്ടുപിടിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയംകൊണ്ടുമാത്രം കേരളം രക്ഷപ്പെടുകയില്ല; നയങ്ങൾ മാറണം. ലോകത്തിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ അടിസ്ഥാനപരമായ നയങ്ങളിൽ വരുത്തിയ മാറ്റങ്ങൾ സി.പി.ഐ.(എം) കണ്ണുതുറന്ന് കാണണം. സാമ്പത്തികവളർച്ച നേടിയാലേ കേരളം രക്ഷപ്പെടുകയുള്ളൂ. തൊഴിലില്ലായ്മ, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ പരിഹരിക്കാൻ യാതൊരു മാർഗ്ഗവും നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ല കേരളത്തിൽ വിദേശമലയാളികളുടെ മൂലധനനിക്ഷേപം വരണമെങ്കിൽ അടിസ്ഥാനപരമായി സി.പി.ഐ(എം).–ന്റെ നയവും മനോഭാവവും മാറണം. സി.പി.ഐ.(എം)–ന്റെ വികസനവിരുദ്ധ നയങ്ങൾ പുന:പരിശോധിക്കാൻ തയ്യാറാകണം. കേരളത്തിന്റെ പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും നിർദ്ദേശിക്കാത്ത നയപ്രഖ്യാപനമാണിത്.

<u>ശ്രീ.ജോസ് തെറ്റയിൽ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വ്യക്തമായ ഭൂരിപക്ഷം നേടി വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിനെ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പാക്കിയ ജനകീയാസൂത്രണത്തെ യു.ഡി.എഫ്. ഗവണ്മെന്റ് തകർത്തു. ഏതു കാര്യത്തിലും അവ്യക്തതയിൽനിന്ന് വ്യക്തതയിലേയ്ക്കാണ് ഈ ഗവണ്മെന്റ് പോകുന്നത്. ജനകീയാസൂത്രണം ജനാധിപത്യ രീതിയിൽ കൊണ്ടുവരും. അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനോട് ചേർന്ന്

വ്യവസായ കോംപ്ളക്സ് നിർമ്മിക്കുമെന്ന് പറഞ്ഞിരിക്കുന്നത് സ്വാഗതാർഹമാണ്. നിയമപരിഷ്ക്കരണവുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നിയമങ്ങൾക്കും എന്തെങ്കിലും ഭേദഗതി ആവശ്യമാണോയെന്നും അവ ചില സംഗതികളിൽ അതേപടി നിലനിർത്തേണ്ടതുണ്ടോയെന്നും പരിശോധിക്കണം. സ്ത്രീകളുടെ അവകാശം സംരക്ഷിക്കണം. ഹൈവേ പോലീസ് പട്രോൾ ടീമുകളുടെ പ്രവർത്തനം പരിഷ്ക്കരിക്കാൻ നടപടികൾ സ്വീകരിക്കുന്നതും പോലീസിന്റെ സമഗ്രമായ പരിഷ്ക്കരണത്തിനായി പോലീസ് കമ്മിഷൻ രൂപീകരിക്കുന്നതും വിദ്യാഭ്യാസരംഗവും കലാ-സാംസ്ക്കാരികരംഗവും പരിഷ്ക്കരിക്കുന്നതും സ്വാഗതാർഹമായ കാര്യങ്ങളാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. എക്സ്പ്രസ് ഹൈവേ എന്ന ആശയം കൊണ്ടുവന്നത് ഇടതുപക്ഷജനാധിപത്യ മുന്നണി യുടെ ഭരണകാലത്താണ്. എന്നാൽ യു.ഡി.ഫ്. ഗവൺമെന്റ് അത് നടപ്പിലാ ക്കാൻ ശ്രമിച്ചപ്പോൾ ഇടതുപക്ഷം അതിനെ എതിർത്തു. ഈ രാജ്യത്തിന് ഏറ്റവും അടിയന്തിര ആവശ്യമായ തെക്ക്-വടക്ക് പാത നടപ്പിലാക്കാനുള്ള ചങ്കൂറ്റം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് കാണിക്കണം. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ആളുകളുടെ കുട്ടികൾക്ക് കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് സൗകര്യമി ല്ലാത്തതുകൊണ്ട് കർണ്ണാടകയിലേയും തമിഴ്നാട്ടിലേയും സ്വകാര്യ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടി അവർ കോടിക്കണ ക്കിന് രൂപയാണ് ചെലവഴിക്കുന്നത്. പതിനായിരങ്ങൾക്ക് തൊഴിൽ കൊടു ക്കാൻ കഴിയുന്ന, കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടു കഴിഞ്ഞ ഈ സംസ്ഥാ നത്ത് നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകണം. സംസ്ഥാനം സ്വയം

പര്യാപ്തത നേടുന്നതുവരെ ഇതിന് അനുകൂലമായ നിലപാടുണ്ടാകണം. കുവൈറ്റ്പോലുള്ള രാജ്യത്തുപോലും ഇല്ലാത്തത്ര ആധുനിക സൗകര്യ ങ്ങളും ലേറ്റസ്റ്റ് എക്വിപ്മെന്റ്സുമാണ് സംസ്ഥാനത്തെ സ്വകാര്യ മെഡി ക്കൽ കോളേജുകളിലുള്ളത്. എന്നാൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളുടെ അവസ്ഥ ദയനീയമാണ്. എല്ലാവർക്കും വിദേശരാജ്യങ്ങളിൽപോയി ചികിത്സ തേടാനാകില്ല. അതുകൊണ്ട് ഈ ദയനീയാവസ്ഥ മാറ്റി വിദേശ രാജ്യങ്ങളിലെ ആശുപത്രികളോട് കിടപിടി ക്കുന്ന ആശുപത്രികൾ ഉണ്ടാകാനുള്ള സാഹചര്യം ഗവൺമെന്റ് സൃഷ്ടിക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ചരി ത്രവിജയം നൽകിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ജനങ്ങൾ അധികാരത്തിലേറ്റിയത്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത് ആദ്യത്തെ ക്യാബിനറ്റ് മീറ്റിംഗ് മുതൽ തന്നെ അവശതയനുഭവിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള തീരുമാനങ്ങളെടുത്തുകൊണ്ടാണ് മുന്നോ ട്ടുപോകുന്നത്. 2000–2001–ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 23,919 കോടി രൂപയായിരുന്നത് 2005–2006–ൽ 45,637 കോടി രൂപയായി വർദ്ധിച്ചു. പാവപ്പെട്ട ആളുകളുടെ പെൻഷൻ കുടിശ്ശിക, വികലാംഗരുടെയും വിധവക ളുടെയും പെൻഷൻ, കർഷകത്തൊഴിലാളികളുടെയും കയർത്തൊഴിലാളിക ളുടെയും പെൻഷൻ എന്നിവ ഒരു കൊല്ലത്തേത് ഒരുമിച്ചു കൊടുക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഈ ഗവൺമെന്റിന്റെ സമീപനങ്ങളെ പ്രതിപക്ഷം യാഥാർത്ഥ്യബോധത്തോടുകൂടി നോക്കിക്കാണണം. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രതിപക്ഷം അംഗീകരിക്കണം.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഐശ്വര്യ പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനുള്ള കാഴ്ചപ്പാട് ഉയർത്തിപ്പിടി ച്ചുകൊണ്ടുള്ളതാണ് ഈ നയപ്രഖ്യാപന പ്രസംഗം. വികസന വിരുദ്ധനയ മാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചിരിക്കുന്നതെന്ന പ്രചരണം ജനങ്ങൾ അംഗീകരിച്ചില്ല എന്നുള്ളതിന്റെ തെളിവാണ് ഈ തെരഞ്ഞെടുപ്പ്. കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലുമൊരു മുന്നണി അധികാരത്തിൽ വന്നതിനുശേഷം ജനങ്ങൾ നിരന്തരമായി നിരാകരിച്ച ഒരനുഭവം ഇതിനു മുമ്പുണ്ടായിട്ടില്ല. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനുമാത്ര മാണ് അത്തരമൊരു അനുഭവമുണ്ടായത്. പരമ്പരാഗത വ്യവസായ മേഖല യോട് വളരെ അനുഭാവപൂർവ്വമായ നയമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പാവപ്പെട്ടവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഖാദി തൊഴിലാളികളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനപ്രക്രിയയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുന്ന തിനുവേണ്ടിയാണ് ബഹുമാന്യനായ ഗവർണ്ണർ ഈ നയപ്രഖ്യാപനപ്രസംഗം ഇവിടെ നടത്തിയിട്ടുള്ളത്. 'സുതാര്യ ഭരണം സംശുദ്ധ ഭരണം' എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുദ്രാവാക്യത്തിന്റെ അടിസ്ഥാന ത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു മാസം കഴിയുന്ന തിനുമുമ്പുതന്നെ കേരളത്തിലെ 14 ജില്ലകളിലും നിരവധി വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തുവാൻ കഴിഞ്ഞത്.

വരൾച്ചയുണ്ടായപ്പോഴും വെള്ളപ്പൊക്കമുണ്ടായപ്പോഴും ആ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പരമ്പരാഗത വ്യവസായ മേഖലയെ ജാതിയുടെയും വർണ്ണത്തിന്റേയും പേരുപറഞ്ഞ് സമ്പന്നരുടെ കൈകളിലേയ്ക്ക് എറിഞ്ഞു കൊടുത്തതുകാരണം കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് സമസ്ത മേഖലകളിലും പരാജയമായിരുന്നു എന്ന് തെളിയിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും സുതാര്യമായ വിദ്യാഭ്യാസം ലഭിക്കണമെന്നുള്ള ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് 22-6-2006-ന് ബിൽ അവതരിപ്പിക്കാൻ പോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് മ്അദനിക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള സാഹചര്യമുണ്ടായത്. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ കർഷകർ കടക്കെണിയിലായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, സമ്പന്നത, സാമൂഹ്യനീതി എന്നിവയുടെ കാര്യത്തിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒന്നാം സ്ഥാനത്താണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇനിയുള്ള 5 വർഷക്കാലം കേരളത്തിന്റെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. പി.ടി. എ. റഹീം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ് ഈ നയപ്രഖ്യാപനം. ജനകീയപങ്കാളിത്തത്തെ നിരുൽസാഹപ്പെടുത്തുകയും ആസൂത്രണ പ്രക്രിയയെ കേവലം ചടങ്ങാക്കി മാറ്റുകയും ചെയ്ത സ്ഥിതിവിശേഷമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായത്. വികേന്ദ്രീകൃത ആസൂത്രണത്തെ

പുനരുജ്ജീവിപ്പിക്കുമെന്നും പ്രായോഗിക പരിചയത്തിന്റേയും ധനകാര്യ കമ്മീഷനുകളുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്രാജ് ആക്ടിൽ സമൂലമായ മാറ്റം വരുത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 ഗഡു പദ്ധതിവിഹിതം പഞ്ചായത്തുകൾക്ക് നൽകിക്കഴിഞ്ഞു. പഞ്ചായത്ത് രാജ് ആക്ടിലെ 163, 164 വകുപ്പുകൾ പ്രകാരമുള്ള കമ്മിറ്റികൾക്ക് കൂടുതൽ വ്യക്തത വരുത്തണം. കൂറുമാറ്റം പ്രോൽസാഹിപ്പിക്കുന്നതിനായി ഈ നിയമത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി ഓർഡിനൻസ് ദുർബ്ബലപ്പെടുത്തണം. അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ പ്രശ്നങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾ ഇടതുപക്ഷത്തേക്ക് വന്നത്. ഇറാക്കി ജനതയെ നഗ്നരാക്കി നിർത്തി നായ്ക്കളെക്കൊണ്ട് ആക്രമിപ്പിക്കുന്ന അമേരിക്കൻ ഭീകരതയ്ക്കെതിരെ ലോകമെമ്പാടുമുള്ള ചെറുത്തുനിൽപ്പിനോടൊപ്പം നിൽക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കേണ്ട ബാധ്യത ന്യൂനപക്ഷത്തിനുമുണ്ട്. ബി.ജെ.പി.യെ അധികാരത്തിൽ നിന്നും അകറ്റി നിർത്താനാണ് ഒട്ടനവധി പ്രശ്നങ്ങളുണ്ടായിട്ടും ഇടതുപക്ഷ ജനാധിപത്യകക്ഷികൾ കേന്ദ്രത്തിൽ മൻമോഹൻസിംഗ് ഗവൺമെന്റിനെ തുണച്ചത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത് ശരിയായ രീതിയിലല്ല. അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ പ്രശ്നങ്ങളിൽ യു.ഡി.എഫ്.-ന്റെ നയസമീപനം മാറേണ്ടത് ആവശ്യമാണ്.

<u>ശ്രീ. പി.എം.എ. സലാം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അടുത്ത 5 വർഷക്കാലം കേരളീയ സമൂഹത്തിന് വികസനവും സമാധാനവും പ്രദാനം ചെയ്യുന്നതിന് ഉപയുക്തമായ നയമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

കേരളത്തിന്റെ വികസനത്തിനു പൊതുവേയും പിന്നോക്ക ദുർബല വിഭാഗങ്ങൾക്ക് പ്രത്യേകിച്ചും പ്രതീക്ഷയും പ്രത്യാശയും ഈ നയപ്രഖ്യാപനം നൽകുന്നു. ശുചിത്വം, കുടിവെള്ളം, മാലിന്യ നിർമ്മാർജ്ജനം, ജനകീയ ആരോഗ്യ പരിപാടികൾ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ, റൂറൽ ഹെൽത്ത് മിഷൻ, ഭരണ പരിഷ്ക്കാരത്തിന്റെ സുതാര്യത, അസംഘടിത മേഖലയിലെ ക്ഷേമപദ്ധതികൾ എന്നിവ പ്രകീർത്തിക്കപ്പെടേണ്ടതാണ്. പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, ഭൂരഹിതർക്ക് ഭൂമി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളെ പ്രധാന ലക്ഷ്യസ്ഥാനമായി കണ്ട് ഇടപെടാനുള്ള സന്നദ്ധത ശ്ലാഘനീയമാണ്. സംവരണം നടപ്പാക്കിയതിലെ പോരായ്മകൾ കണ്ടെത്തി നികത്തുമെന്നത് സംവരണ സമുദായങ്ങൾക്ക് പ്രത്യാശ നൽകുന്ന ഒന്നാണ്. തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കു നൽകിയ വാഗ്ദാനം പൂർണ്ണമായും പാലിക്കപ്പെടുമെന്നാണ് ഈ നയപ്രഖ്യാപനത്തിലൂടെ വ്യക്തമാക്കുന്നത്. മാഫിയകളെ അടിച്ചമർത്തുമെന്ന ഉറച്ച നിലപാട്, ശാന്തമായ ക്രമസമാധാനാന്തരീക്ഷം, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതായ നയം എന്നിവ ഈ സർക്കാരിന്റെ ജനകീയ പ്രതിബദ്ധതയ്ക്ക് തെളിവാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിഷേധിക്കപ്പെട്ട വികസനവും ജനക്ഷേമ പദ്ധതികളും നികത്തിയെടുക്കുവാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങളുടെ അടിസ്ഥാന ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളും പ്രായോഗിക തീരുമാനങ്ങളും ഈ

നയപ്രഖ്യാപനത്തിലുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം ഭരിച്ച് കേരളത്തിലെ ജനങ്ങൾക്ക് ഒരു പുരോഗമനവും കാഴ്ചവയ്ക്കാതെ അവസാനം തത്രപ്പെട്ട് പ്രഖ്യാപനങ്ങൾ നടത്തുകയാണ് ചെയ്തത്. ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും ഗുണപരമായ മാറ്റത്തിനുള്ള പ്രായോഗികമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഓരോ തീരുമാനവും സംസ്ഥാന ഗവൺമെന്റിന്റെ സ്വതന്ത്രമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതാണ്. 1957–ലെ സർക്കാർ നടത്തിയ ഭൂപരിഷ്ക്കരണ നിയമംപോലുള്ള പുരോഗമനപരമായ നിയമനിർമ്മാണങ്ങളുടെ ഫലമായിട്ടാണ് ഇന്ന് കേരളം അനുഭവിക്കുന്ന സാമൂഹ്യസുരക്ഷിതത്വങ്ങൾ ഉണ്ടായിട്ടുള്ളത് എന്നത് നാം ഓർക്കേണ്ടതാണ്. ഇത്തരം നിയമനിർമ്മാണങ്ങൾ നടത്താത്ത മറ്റ് സംസ്ഥാനങ്ങളിൽ ധനിക–ദരിദ്ര അന്തരം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കി. സംസ്ഥാനങ്ങളെ രക്ഷപ്പെടുത്താൻ ഏറ്റവും ആദ്യം വേണ്ടത് കേന്ദ്ര–സംസ്ഥാന ബന്ധം മെച്ചപ്പെടുത്തുകയെന്നുള്ളതാണ്. എൽ.ഡി.എഫ്. അധികാരമൊഴിയുമ്പോൾ 25,000 കോടി രൂപയുടെ കടമാണ് ഉണ്ടായിരുന്നത്. യു.ഡി.എഫ്.–ന്റെ 5 വർഷത്തെ ഭരണംകൊണ്ട് അത് 52,000 കോടിരൂപയായി വർദ്ധിച്ചിരിക്കുകയാണ്. ട്രഷറി ഡിപ്പോസിറ്റ് ഇനത്തിൽ മാത്രം 14,806 കോടി രൂപ തിരിച്ചടയ്ക്കാനുണ്ടായിരുന്നു. കോൺട്രാക്ടർമാർക്ക് 1200 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. റോഡ് വികസന പദ്ധതികൾ, ജപ്പാൻ കുടിവെള്ള പദ്ധതി തുടങ്ങിയവ പ്രഖ്യാപിച്ചുവെങ്കിലും തുക നീക്കിവച്ചിട്ടില്ല. കെ.എസ്.ഇ.ബി.ക്കുള്ള സബ്സിഡി, കാർഷിക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയവ കുടിശ്ശികയായി. സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു. പദ്ധതികൾ ഒന്നും നടപ്പിലായില്ലെന്നു

മാത്രമല്ല സംസ്ഥാനം കടക്കെണിയിലാവുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് വായ്പാ പരിധി വെട്ടിക്കുറയ്ക്കുകയും ചെയ്തു. സംസ്ഥാനം എടുത്ത കടംപോലും തിരിച്ചടയ്ക്കാൻ പറ്റാത്ത അവസ്ഥയിലായി. റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് റബ്ബർ ഉൽപ്പാദക രാഷ്ട്രങ്ങൾ ഒത്തുചേർന്നപ്പോൾ ഇവിടെ നിന്നും ഒരു വ്യക്തിയെപ്പോലും അയച്ചില്ല. ഭക്ഷണ ശേഖരണവും വിതരണവും സ്വകാര്യ മുതലാളിമാർക്ക് നൽകിക്കൊണ്ട് കേരളത്തിന്റെ പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തകർത്ത കേന്ദ്രത്തിന്റെ നടപടി യു.ഡി.എഫ്. സർക്കാർ കൈകെട്ടി നോക്കി നിന്നതേയുള്ളൂ. വെട്ടിക്കുറച്ച സബ്സിഡി തിരിച്ചുകിട്ടണമെന്ന് ഭരണ–പ്രതിപക്ഷ വ്യത്യാസം മറന്ന് എല്ലാവരും ഒറ്റക്കെട്ടായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. പതിനൊന്നാം പദ്ധതിയെ ജനകീയ മാക്കാനും ഋണാശ്വാസ കമ്മിഷൻ രൂപീകരിക്കാനും എംപ്ളോയ്മെന്റ് ഗ്യാരന്റി ആക്ടുമായി ബന്ധപ്പെടുത്തി കാർഷിക മേഖലാ പരിഷ്ക്കരണം, വനസംരക്ഷണം തുടങ്ങിയവ നയപ്രഖ്യാപനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2001–ൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ വളരെ മെച്ചപ്പെട്ട സംസ്ഥാനമായിരുന്ന കേരളം യു.ഡി.എഫ്. ഭരണമായപ്പോഴേയ്ക്കും ക്രിമിനൽ സ്റ്റേറ്റുകളുടെ പട്ടികയിൽ മുന്തിയ സ്ഥാനത്തെത്തി. പോലീസ് സേനയുടെ മനോവീര്യവും അന്തസ്സും വീണ്ടെടുത്ത് സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെട്ടതാക്കി മാറ്റാൻ ശ്രമിക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ക്രൂഡോയിലിന് ബാരലിന് 25 രൂപ ഉണ്ടായിരുന്നപ്പോൾ അനുവദിച്ച സബ്സിഡിയാണ് ഇപ്പോഴും തുടരുന്നത്. വിലവർദ്ധനവിലൂടെ പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പാടെ തകർത്ത് മാർക്കറ്റിംഗ് കമ്പനികൾ കൊള്ള ലാഭമുണ്ടാക്കുമ്പോൾ അതിൽനിന്ന് ഒരു

വിഹിതം വാങ്ങി പ്രതിസന്ധി പരിഹരിക്കുന്നതിനു പകരം പെട്രോൾ–ഡീസൽ വില കൂട്ടുകയാണ് ചെയ്തത്.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ധവളപത്രമിറക്കിയതും പാവപ്പെട്ടവരും നിരാലംബരും 65 വയസ്സ് കഴിഞ്ഞ ജോലി ചെയ്യാൻ കഴിയാത്തവരും കൃഷിക്കാരും വിധവകളും വികലാംഗരും വാങ്ങിച്ചുകൊണ്ടിരുന്ന പെൻഷനും മറ്റാനുകൂല്യങ്ങളും കൊടുക്കാതിരുന്നതുമാണ്. യു.ഡി.എഫ്. ചെയ്ത മഹത്തായ കാര്യം. കർഷകർക്കുള്ള സബ്സിഡി വെട്ടിക്കുറച്ചു. പൊതുവിതരണ സമ്പ്രദായം നിയന്ത്രിക്കുന്നത് ദേശീയ വികസന കൗൺസിൽ എന്ന സ്ഥാപനമാണെന്നിരിക്കെ കേന്ദ്രം വെട്ടിക്കുറച്ച ഗോതമ്പും മണ്ണെണ്ണയും തിരിച്ചു ലഭ്യമാക്കുന്നതിൽ യു.ഡി.എഫിനും ബാധ്യതയുണ്ട്. കടബാധ്യതയും ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം 34 ശതമാനത്തിൽ നിന്നും 41 ശതമാനമായി വർദ്ധിച്ചു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ പുതിയ സർക്കാർ അധികാരത്തിൽ വരേണ്ടിവന്നു. തോട്ടം മേഖല പാടേ പ്രതിസന്ധി നേരിടുമ്പോൾ മാറിമാറി മുഖ്യമന്ത്രിമാരെ പരീക്ഷിച്ച യു.ഡി.എഫിന് ഒന്നും ചെയ്യാൻ സാധിച്ചില്ല. പീഡിത വിഭാഗത്തിന് നയപ്രഖ്യാപനത്തിൽ മുന്തിയ പരിഗണന നൽകുന്നുണ്ട്. അടച്ചുപൂട്ടിയ തോട്ടങ്ങൾ പുനരാരംഭിച്ചാൽ അരലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകുവാൻ കഴിയും. സീ–ഫുഡ് കിച്ചൺ യൂണിറ്റുകൾ, അക്വാ പാർക്ക് തുടങ്ങിയ പദ്ധതികൾ മത്സ്യ തൊഴിലാളികൾക്ക് ആശാവഹമാണ്. തൊഴിലില്ലായ്മ രൂക്ഷമാകാൻ ഇടവരുത്തുമായിരുന്ന ജിം, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികൾ തടയാൻ എൽ.ഡി.എഫ്.–ന് സാധിച്ചു. വനസംരക്ഷണം നടപ്പിലാക്കുമ്പോൾ ആദിവാസികളുടെ താത്പര്യങ്ങൾ

സംരക്ഷിക്കപ്പെടണം. വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുകയും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുകയും വേണം.

ശ്രീ. രാജു എബ്രഹാം : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എൽ. ഡി. എഫ്.-ന് ഭൂരിപക്ഷമുള്ള ഒട്ടുമുക്കാൽ ബൂത്തുകളിലും ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പോലീസിനെ ഉപയോഗിച്ചും തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ ശ്രമിച്ചിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തോൽപ്പിക്കാനായില്ല. യു.ഡി.എഫ്. ഇനിയെങ്കിലും യാഥാർത്ഥ്യബോധത്തിലേയ്ക്ക് മടങ്ങിവരണം. ബഹുജന സംഘടനകളിൽപ്പെട്ട സമുന്നതരായ നേതാക്കളെ ഈ നിയമസഭയിൽ എത്തിക്കാൻ എൽ.ഡി.എഫ്.-ന് കഴിഞ്ഞു എന്നുള്ളത് ഈ മുന്നണിയുടെ വിജയമാണ്. വിദ്യാഭ്യാസം, ആരോഗ്യം, വനസംരക്ഷണം, ടൂറിസം തുടങ്ങിയ മേഖലകളുടെ വികസനത്തിലേയ്ക്ക് കേരളത്തിലെ ജനങ്ങളെ മടക്കിക്കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗുണ്ടാമാഫിയ സംഘങ്ങളെ അടിച്ചമർത്താനുള്ള ഉറച്ച തീരുമാനമുണ്ടാകണം. അഴിമതിക്കെതിരെ ഉജ്ജ്വല പോരാട്ടം നടത്തുമെന്ന് പ്രഖ്യാപിക്കാൻ തന്റേടം കാട്ടിയ മുഖ്യമന്ത്രിയിൽ ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകും. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്നും എത്രയുംവേഗം നാം കരകയറേണ്ടിയിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുപോലും പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് 50 കോടി രൂപയും വിവിധ ക്ഷേമ പദ്ധതികൾക്ക് 50 കോടി രൂപയും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കുള്ള സഹായവും ഈ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. വികസനമെന്ന് പറഞ്ഞുകൊണ്ടുള്ള പ്രഖ്യാപനവും പ്രസംഗങ്ങളുമല്ലാതെ കഴിഞ്ഞ 5 വർഷക്കാലം കേരള

ത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി തീരുമാനമോ നടപടിയോ യു.ഡി.എഫ്. സർക്കാർ എടുത്തില്ല. 1987–ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഐ.ടി.രംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ട് തിരുവനന്തപുരത്ത് ടെക്നോപാർക്ക് സ്ഥാപിച്ചത്. കടക്കെണിയിലായ കർഷകരുടെ ആത്മഹത്യയെ സംബന്ധിച്ച് പഠിക്കാൻ കേന്ദ്ര സംഘത്തെ സംസ്ഥാനത്ത് എത്തിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നേട്ടം തന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നല്ല നയസമീപനങ്ങളെ ഇടതുപക്ഷം എക്കാലവും അനുകൂലിച്ചിട്ടുണ്ട്. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അംഗീകരിക്കാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം. മൈത്രി ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 2002–ൽ ഭവന നിർമ്മാണ ബോർഡിൽനിന്നും കിട്ടിയ മറുപടിക്ക് യു.ഡി.എഫ്.–ന്റെ ഭരണ കാലത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. 4 മന്ത്രിമാരുടെ പേരിൽ അഴിമതിയുണ്ടെന്ന് ലോക് ആയുക്ത പ്രഖ്യാപിച്ചിട്ടും അവർക്കെതിരെ യാതൊരു നടപടിയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചില്ല. മൈത്രി ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി നിയമ സഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ആ തീരുമാനത്തിൽ യാതൊരു അപാകതയുമില്ല. കഴിഞ്ഞ 5 വർഷത്തിനിടയിൽ 5 കോടി രൂപയുടെ വൈദ്യുതി മോഷണമാണ് കണ്ടെത്താൻ കഴിഞ്ഞത്. എന്നാൽ ഈ ഗവൺമെന്റിന് ഒരു മാസത്തിനിടയിൽ രണ്ടരക്കോടി രൂപയുടെ മോഷണം കണ്ടെത്താൻ കഴിഞ്ഞു. ഇലക്ട്രോണിക് മാഫിയകളെ അടിച്ചമർത്താൻ നടപടിയുണ്ടാകണം. കേരളത്തിലെ സമസ്ത മേഖലകളിലും ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. കേരള ജനതയുടെ 90 ശതമാനത്തോളം വരുന്ന സാധാരണക്കാർ, പാവപ്പെട്ടവർ, ഇടത്തരക്കാർ എന്നിവർ

നെഞ്ചിലേറ്റിയ സ്വപ്നങ്ങളാണ് ഈ നയപ്രഖ്യാപനത്തിൽ പ്രതിഫലി ച്ചിട്ടുള്ളത്. സാധാരണക്കാർക്കുവേണ്ടി ഭരണം നടത്തുന്ന ശക്തമായ സംവി ധാനവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകണം. കേരളത്തിലെ ജനങ്ങ ളുടെ പ്രതീക്ഷ നിർവ്വഹിക്കാൻ ഈ ഭരണ സംവിധാനത്തിന് കഴിയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പുതിയ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ഭരണകക്ഷി അംഗങ്ങളേയും അഭിനന്ദി ക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിന് അഭിമാനിക്കാവുന്ന ഒട്ടേറെ കാര്യങ്ങൾ വിട്ടുകളഞ്ഞു. ഇൻഡ്യയുടെ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് ഏറ്റവും പ്രയോജനകരമായ പരിപാടി എന്ന് പ്ളാനിംഗ് കമ്മീഷൻ പ്രശംസിച്ച, 'ആശ്രയ' പദ്ധതിയെ സംബന്ധിച്ച് ഇതിൽ ഒന്നും പറഞ്ഞിട്ടില്ല. കേരളത്തിൽ നടക്കുന്ന നിശബ്ദ സാമ്പത്തിക വിപ്ലവമായ കുടുംബശ്രീയെ ക്കുറിച്ചും ഒന്നും പറഞ്ഞിട്ടില്ല. നിയമസഭയിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൽ കേരളത്തിന്റെ വികസനത്തിനുവേണ്ടി ഒരു പത്തിന പരിപാടി അവതരിപ്പിച്ചു. അതിന്റെകൂടെ ഗവൺമെന്റ് ചില പദ്ധതികൾകൂടി ഉൾപ്പെടുത്തി 16 ഇന പരിപാടിയായി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു; അത് നടപ്പാക്കാനുള്ള ആദ്യ സഹായമെന്ന നിലയിൽ പ്ളാനിംഗ് കമ്മീഷൻ 75 കോടി രൂപ അനുവദിച്ചതാണ്. അതിനെക്കുറിച്ച് യാതൊന്നും ഈ നയപ്ര ഖ്യാപന പ്രസംഗത്തിലില്ല. കാർഷിക മേഖലയിൽ രണ്ട് ശതമാനവും വ്യാവസായിക മേഖലയിൽ അഞ്ച് ശതമാനവും വളർച്ച നേടിയത് 2004-2005 കാലഘട്ടത്തിലാണ്. വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ ഇൻഡ്യയിൽ കേരളം രണ്ടാം സ്ഥാനത്താണ്. ടൂറിസം രംഗത്ത് ലോകത്തിൽ സെലക്ട് ചെയ്യപ്പെട്ട 3 സെന്ററുകളിൽ ഒന്ന് കേരളമാണ്. ഇത്തരം നേട്ടങ്ങൾ വിസ്മരി

ച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിനെതിരെ തെറ്റായ പ്രചരണം നടത്തരുത്. കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക വിനിയോഗത്തെക്കുറിച്ചും നിലവിലുള്ള സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചും ധവള പത്രമിറക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ 290 കോടി രൂപ മിച്ചമാണ് എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിന്റെ കടബാധ്യത 137 ശതമാനം വർദ്ധിച്ചു. എന്നാൽ 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്തെ ഭരണത്തിൽ 91 ശതമാനം മാത്രമാണ് വർദ്ധനവുണ്ടായത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷംകൊണ്ട് കരാറുകാർക്ക് കൊടുത്തത് 1700 കോടി രൂപയാണ്. എന്നാൽ യു.ഡി.എഫ്. സർക്കാർ കൊടുത്തത് 2700 കോടി രൂപയാണ്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടന്നതുകൊണ്ടാണ് അത്രയും തുക വിതരണം ചെയ്തത്. വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക,. വിധവാ പെൻഷൻ കുടിശ്ശിക, അൻപത് വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ കുടിശ്ശിക, വികലാംഗർക്കുള്ള പെൻഷൻ കുടിശ്ശിക, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം കുടിശ്ശിക എന്നിവ മുൻ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തുതീർത്തു. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും മാത്രമാണ് കുടിശ്ശികയുള്ളത്. കർഷകത്തൊഴിലാളി പെൻഷൻ 30-4-2004 വരെയും തൊഴിലില്ലായ്മ വേതനം 30-6-2005 വരെയും കൊടുത്തിട്ടുണ്ട്. കുറേ തെറ്റായ കാര്യങ്ങളും ഈ നയപ്രഖ്യാപനത്തിൽ ചേർത്തിട്ടുണ്ട്. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ-ന്റെ സാധ്യതകൾ കേരളം പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് പറയുന്നു.

31–12–2005–ലാണ് ആ സ്കീം പ്രഖ്യാപിക്കുന്നത്. അന്നുതന്നെ പ്രൊപ്പോസൽ അയച്ചു. തിരുവനന്തപുരവും കൊച്ചിയും അവർ എടുത്തു. അൻപതിനായിരം പുതിയ കിസാൻ കാർഡുകൾ കൊടുക്കുമെന്നുള്ളത് യു.പി.എ. ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയാണ്. അതിൽ 27,000 കൊടുത്തുകഴിഞ്ഞു. അത് നബാർഡ് വഴിയാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ കൊടുക്കുന്നത്. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച 1924 കോടി രൂപ ചെലവ് വരുന്ന മാനേജുമെന്റ് ഓഫ് റൂട്ട്വിൽറ്റ് ഡിസീസ് പദ്ധതി 26–6–2005–ൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതാണ്. അതിലേയ്ക്കുള്ള ധനസഹായമായി 2006 മാർച്ച് 31–ന് 40 കോടി രൂപ കിട്ടിയിട്ടുമുണ്ട്. നാഷണൽ ഹൈവേയുടെ സഹായത്തോടെ എൻ.എച്ച്–47–ലെ എല്ലാ പാതകളും 4 വരി ആക്കുന്നതിനും ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്ന് പറഞ്ഞിരിക്കുന്നത് എത്രയോ വർഷം മുമ്പ് അംഗീകരിച്ച കാര്യമാണ്. ആ പദ്ധതി പ്രകാരം വാളയാർ മുതൽ അങ്കമാലി വരെയുള്ള റോഡിന് ടെൻഡർ ആയിക്കഴിഞ്ഞു. അരൂർ മുതൽ തിരുവനന്തപുരം വരെയുള്ളതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എൻ.എച്ച് –47–ന്റെ എല്ലാ പാതകളും 4 വരിയാക്കുന്നതിനും ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമുള്ള നടപടിക്രമങ്ങളെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് പൂർത്തിയാക്കി..വാളയാർ–അങ്കമാലി റോഡിന്റെ ടെണ്ടർ നേരത്തെ ആയിക്കഴിഞ്ഞു. അരൂർ–തിരുവനന്തപുരം റോഡിന്റെ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കാനുള്ള നടപടിക്ക് തുടക്കം കുറിച്ചതും കഴിഞ്ഞ ഗവൺമെന്റാണ്. കോട്ടയം–കന്യാകുമാരി റോഡിന്റെ പ്രോജക്ട് റിപ്പോർട്ട് കൊടുത്തുകഴിഞ്ഞു. കുറ്റിപ്പുറം–മംഗലാപുരം ഡി.പി.ആർ. ഉണ്ടാക്കാൻ 2 കമ്പനികളെ ഏൽപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളു

ടെയും അദ്ധ്യാപകരുടെയും ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കാൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് കോഴ്സ് ആരംഭിച്ചു. കഴിഞ്ഞ വർഷം ഐ.ടി. രംഗത്ത് ഏറ്റവും കൂടുതൽ വളർച്ചാ നിരക്ക് കേരളത്തിനാണ്. ഈ വളർച്ചാ നിരക്ക് കൂട്ടാൻ കഴിഞ്ഞ ഗവൺമെന്റ് എടുത്ത നടപടികളെ നിഷ്ക്കരുണം തട്ടിക്കളയുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഒന്ന് പറയുകയും ഭരണത്തിൽ വരുമ്പോൾ അതിനെക്കുറിച്ച് നിശ്ശബ്ദത പാലിക്കുകയും ചെയ്യുന്നത് ജനങ്ങളെ കബളിപ്പിക്കലാണ്. തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കണം. തൊഴിലില്ലായ്മയെക്കുറിച്ച് കാഷ്വലായിട്ടുള്ള ഒരു റിഫറൻസ് മാത്രമേയുള്ളു. ബഡ്ജറ്റിലെങ്കിലും ഇതിനൊരു മാറ്റം വരുത്തണം. ഐ.ടി. രംഗത്ത് യു.ഡി.എഫ് ഗവൺമെന്റ് ഒരുക്കിക്കൊടുത്ത അടിസ്ഥാനസൗകര്യത്തിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റിന് ചിലത് ചെയ്യാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് സെന്റർ ഓഫ് എക്സലൻസ് എന്നു പറയുന്ന ഒരു സ്ഥാപനം പോലും കേരളത്തിലില്ല. യു.ഡി.എഫ് . ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയ കോളേജിനെ പ്രതിപക്ഷം എതിർത്തതുകൊണ്ടാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം പുറകോട്ടുപോയത്. മുഖ്യമന്ത്രി പ്രതിപക്ഷത്തിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കണം. ലോട്ടറി നികുതി കുടിശ്ശിക പിരിക്കാനുള്ള നടപടി സ്വീകരിക്കണം. ടാറ്റാ ടീ എസ്റ്റേറ്റ് കൈയേറിയ വനഭൂമി തിരിച്ചുപിടിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതുപോലെ. കോവളം കൊട്ടാരവും തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണം. കിളിരൂർ കേസിലെ വി.ഐ.പി. ആരാണെന്ന് കണ്ടുപിടിക്കണം.

ഗവൺമെന്റിന്റെ ഒരു മാസത്തെ ഭരണത്തിൽ പറ്റിയ പിശക് തിരുത്തണം. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ നോട്ടിഫിക്കേഷൻ നടപ്പിലാക്കണം. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽക്കൂടി സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കണം. പെട്രോളിന്റേയും ഡീസലിന്റെയും വില കുറയ്ക്കാൻ നടപടി സ്വീകരിക്കണം. മൈത്രിഭവന നിർമ്മാണ പദ്ധതിയിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിയുന്ന യൂത്ത് കോൺഗ്രസ്സു കാരുടെ മൊഴി എടുത്ത് തുടർ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അനു കൂലിക്കും, തെറ്റിനെ എതിർക്കും, അഴിമതിക്കെതിരെ നിൽക്കുന്നവരെ അടിച്ച മർത്താൻ ശ്രമിച്ചാൽ അതിനെതിരെ പ്രതികരിക്കും.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ.പി.ജെ.ജോസഫ്)</u> പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പരാമർശമുണ്ടായ അവസരത്തിൽ എൻ.എച്ച് നാലുവരി പാതയാക്കുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ചേർത്തല മുതൽ അങ്കമാലി വരെ യുള്ള ഭാഗമേ 4 വരി പാതയായിട്ടുള്ളു. ബാക്കി ഭാഗത്തിന്റെ പ്ളാൻ തയ്യാറാ യിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസ്സിന്റെ പുരോഗതി കാര്യമായിട്ട് ഉണ്ടായിട്ടില്ല. മലബാർ ഭാഗത്ത് കാര്യമായ പ്രവർത്തനം നടന്നിട്ടില്ല. കെ.എസ്.ടി.പി. പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടി വേൾഡ് ബാങ്കിൽനിന്ന് അഡീഷണൽ ലോൺ ആവശ്യപ്പെട്ടിട്ടുണ്ട്. അത് തരാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തി ലാണ് പൂർത്തിയാക്കുമെന്നു പറഞ്ഞത്. കെ.എസ്.ടി.പി റോഡ് നിർമ്മാണ വുമായി ബന്ധപ്പെട്ട് മൂന്ന് കൊല്ലം കാലതാമസം ഉണ്ടായതിന്റെ ഫലമായി സംസ്ഥാനത്തിന് 532 കോടി രൂപയുണ്ടെങ്കിൽ മാത്രമേ ഇനി ഈ വർക്കുകൾ പൂർത്തിയാക്കാൻ കഴിയു. വേൾഡ് ബാങ്കിൽനിന്ന് അഡീഷണൽ

ലോണെടുത്ത് ഈ റോഡ് പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. റോഡ് പണി നടത്തിയതിന്റെ ഫലമായി മൂവാറ്റുപുഴ നിർമ്മലാ കോളേജിന്റെ മുന്നിലെ റോഡിലെ വളവിൽത്തന്നെ ഒരു മാസത്തിനകം 8 അപകടങ്ങൾ സംഭവിക്കുകയും രണ്ടുപേർ മരണപ്പെടുകയുമുണ്ടായി. എന്തു നഷ്ടമുണ്ടായാലും ആ വളവുകൾ മുഴുവൻ നിവർത്തുന്നതാണ്. അതുപോലെ പ്ളാൻ ചെയ്തിട്ടുള്ള എല്ലാ റോഡുകളുടേയും നിർമ്മാണ പ്രവർത്തനം ഒറിജിനൽ അലൈൻമെന്റിൽത്തന്നെ നടത്തുന്നതാണ്. മൈത്രി ഭവന നിർമ്മാണ പദ്ധതിക്ക് വിദേശത്തുനിന്ന് കിട്ടിയ സംഭാവന ഏത് രീതിയിലാണ് വിനിയോഗിച്ചത് എന്നിവിടെ ചോദിച്ചു. പാർപ്പിട പദ്ധതിയനുസരിച്ച് അഞ്ച് ലക്ഷം വീടുകൾ പ്ളാൻ ചെയ്തതിൽ മൂന്ന് ലക്ഷത്തിൽപ്പരം വീടുകളുടെ പണി തീർന്നു. പാവപ്പെട്ടവർക്കായുള്ള ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമായ മുഴുവൻ തുകയുടെയും ശരിയായ രേഖകളുണ്ട്. അത് ആർക്കും പരിശോധിക്കാം. റിസർവ്വ് ബാങ്കിന്റെ അനുവാദത്തോടുകൂടിയാണ് വിദേശത്തുനിന്നുകിട്ടിയ പണം ചെലവാക്കിയത്. ഹൗസിംഗ് ബോർഡ് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. 2001-ൽ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ ഹൗസിംഗ് ബോർഡിലെ നീക്കിയിരുപ്പ് 48.3കോടിരൂപയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു വലിയ പ്രോഗ്രാമായാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ഏറ്റെടുത്തത്. ഫോറിൻമണിയെ സംബന്ധിച്ച വിശദമായ കണക്കുണ്ട്. അത് ആർക്ക് വേണമെങ്കിലും പരിശോധിക്കാം. ഇവിടെ ഡൈവർഷനാണ് പ്രശ്നം. 1991-96-ൽ യു.ഡി.എഫ്.ന്റെ കാലത്ത് 246.2 കോടി രൂപ ഭവന വായ്പ അനുവദിച്ചെങ്കിലും 91.4 കോടി രൂപ മാത്രമാണ് വിതരണം ചെയ്തത്. 154.83 കോടി രൂപ ഭവനവായ്പയ്ക്കായി ചെലവഴിച്ചിട്ടില്ല. ഈ തുകയെക്കുറിച്ചും

അന്വേഷണം നടത്തണം. എൽ.ഡി.എഫ്-ന്റെ കാലത്ത് വായ്പാ വിതരണത്തിനായി 920 കോടി രൂപ സ്വരൂപിച്ചപ്പോൾ 1004 കോടി രൂപയാണ് ഭവന നിർമ്മാണ വായ്പയായി വിതരണം ചെയ്തത്. ഞങ്ങളുടെ കാലത്ത് കിട്ടിയതിനേക്കാൾ 83 കോടി രൂപ അധികം വിതരണം ചെയ്തു. ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി യു.ഡി.എഫും എൽ.ഡി.എഫും നടപ്പിലാക്കിയത് തമ്മിലുള്ള താരതമ്യമാണ് നോക്കേണ്ടത്. യു.ഡി.എഫ്. എടുത്ത തുകയിലെ എറിയ ഭാഗവും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണുണ്ടായത്. അക്കാലത്തെ ഹൗസിംഗ് ബോർഡ് സെക്രട്ടറിയെ വിജിലൻസ് റിപ്പോർട്ട് പ്രകാരം എൽ.ഡി.എഫ് സർക്കാർ സസ്പെന്റ് ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭൂമി ഇടപാടിൽ നടന്ന കോടിക്കണക്കിന് രൂപയുടെ അഴിമതിയേയും ക്രമക്കേടിനേയും കുറിച്ച് അന്വേഷിക്കണം. പി.ജെ.ജോസഫ് കുറ്റക്കാരനാണെന്ന് പി.എ.സി. കണ്ടെത്തിയിട്ടില്ല. ഒരു ഏജൻസിയും ഞാൻ കുറ്റക്കാരനാണെന്നു പറഞ്ഞിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഴിമതിയുടെ ചുരുളുകൾ അഴിയാൻ പോവുകയാണ്. 1991-1996 കാലഘട്ടംവരെയുള്ളതിന്റെ മാത്രമല്ല 2001-2006 വരെ നടന്ന അഴിമതികളുടെയും ചുരുളുകൾ നിവരാൻ പോവുകയാണ്. റവന്യൂ ടവർ നിർമ്മാണത്തിലൂടെ 125 കോടി രൂപയുടെ ബാദ്ധ്യത ഹൗസിംഗ് ബോർഡിന് ഉണ്ടായിട്ടുണ്ട്. 2001 മുതൽ ഒരുപൈസപോലും തിരിച്ചടയ്ക്കാതെ ഭീമമായ ബാദ്ധ്യത ഉണ്ടാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനാണ്. ദുർബ്ബല വിഭാഗങ്ങളുടെ പാർപ്പിട പദ്ധതിയെ പൊളിക്കാനുള്ള ശ്രമം പ്രതിപക്ഷം അവസാനിപ്പിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ): സുനാമിയുമായി ബന്ധപ്പെട്ട് ഈ സഭയിൽ പ്രത്യേക ചർച്ചകൾ നടത്തുകയും മുഖ്യമന്ത്രി

ചെയർമാനായി സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും സഹായ സഹകരണ ത്തോടെയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തന ങ്ങളും ഏറ്റെടുത്തത്. ഇത്രയേറെ ധനസഹായം ലഭിച്ചിട്ടും ദുരന്തബാധിത പ്രദേശങ്ങളിൽ ആവശ്യമായ സഹായം എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നൂറുകണക്കിന് ആളുകൾ വീട് കിട്ടാതെയും നിർമ്മിച്ച വീടുകൾ പൂർത്തിയാ കാതെയും അർഹതപ്പെട്ട പല ആളുകളും ലിസ്റ്റിൽ ഉൾപ്പെടാതെയും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. ദുരിതാശ്വാസം വിത രണം ചെയ്തതിൽ വലിയ തോതിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിലേയ്ക്ക് ലഭിച്ച തുക പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് ആവ ശ്യപ്പെട്ടെങ്കിലും അത് സി.എം.ഡി.ആർ.എഫ്-ലാണ് നിക്ഷേപിച്ചത്. ഈ പണം എങ്ങനെ ചെലവഴിച്ചു; ആരാണ് അതിന് ഉത്തരവാദി എന്നൊക്കെ അറിയാൻ സഭയ്ക്ക് അവകാശമുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ വരുടെ പേരിൽ നടപടിയെടുക്കേണ്ടതുണ്ട്. സുനാമി ദുരന്തത്തിന്റെ ഒന്നാം വാർഷികത്തിൽ മുൻ സർക്കാർ ഇറക്കിയ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യ ങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ലെന്ന പരാതിയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്ന തിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനും മന്ത്രിസഭയു മായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി അവർക്ക് കൊടുത്ത വാഗ്ദാനം പാലിക്കാനും സമയബന്ധിതമായി ആ പാക്കേജ് പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥി

ക്കുന്നു. തുച്ഛമായ തുകയ്ക്ക് സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ വക ഭൂമി സംരക്ഷിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ശേഖരിക്കാനും ഗവൺമെന്റി ലേയ്ക്ക് കിട്ടേണ്ടത് വാങ്ങാനും നടപടി സ്വീകരിക്കും. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ധനസ ഹായം നൽകിയതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ തുക അതാത് ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. റേഷൻ വിതരണത്തിന് കൂടുതലായി വേണ്ടിവരുന്ന തുക സർക്കാർ നൽകുന്നതാണ്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപവീതം കൊടുത്തു. വീടുകൾ ഭാഗികമായും പൂർണ്ണമായും നഷ്ടപ്പെട്ട വർക്ക് വിതരണം ചെയ്യുന്ന തുക പലപ്പോഴും അർഹരായവർക്ക് ലഭിക്കുന്നില്ല എന്ന് ആക്ഷേപമുണ്ട്. ആർക്കൊക്കെ, എത്ര സംഖ്യ കൊടുത്തു എന്നുള്ളത് അതാത് പഞ്ചായത്ത് പ്രസിഡന്റോ ബ്ലോക്ക് പ്രസിഡന്റോ അറിഞ്ഞിരി ക്കുകയും എം.എൽ.എ.മാർക്ക് അതിന്റെ ഡീറ്റെയിൽസ് നൽകുകയും വേണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരി ക്കുന്നതാണ്. പ്രതിപക്ഷത്തിന്റെ കൂടി സഹകരണം ഇക്കാര്യത്തിൽ ഉണ്ടാക ണം.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഇവിടെ പ്രധാനമായും അഴിമതിയുടെ കാര്യമാണ് പരാമർശിച്ചത്. യു.ഡി.എഫ്. അധികാരത്തിലിരി ക്കുമ്പോൾ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് മുകളിൽ ഒരു സെൽ രൂപീകരിച്ച് അഴിമതിക്കാരായ മന്ത്രിമാരെ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുകയാണുണ്ടായത്. മുൻ ഗവൺമെന്റ് ഓൺ ലൈൻ

ലോട്ടറിയിൽ നിന്ന് ന്യായമായി പിരിക്കേണ്ട തുക പിരിച്ചിട്ടില്ല. നികുതി സമാഹരിക്കുന്ന കാര്യത്തിൽ ചെയ്യാൻ കഴിയുന്നതെല്ലാം സർക്കാർ ചെയ്യുന്നതാണ്. കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് പ്രതിപക്ഷം ചില മന്ത്രിമാർക്കെതിരെ ഉന്നയിച്ച അഴിമതി ആരോപണങ്ങളിൽ ഒന്നിനുപോലും ജുഡീഷ്യൽ എൻക്വയറി നടത്താനോ സബ്ജക്ട് കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാനോ തയ്യാറായിരുന്നില്ല. സർക്കാർ വക ഭൂമി ടാറ്റാ കമ്പനി കൈയേറിയ കാര്യം നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുപോലും കഴിഞ്ഞ ഗവണ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ആ ഭൂമി തിരിച്ചെടുക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ഈ ഗവണ്മെന്റ് ചെയ്യും. ഗ്വാളിയോർ റയോൺസിന്റെ സ്റ്റോറിലുണ്ടായിരുന്ന ഫോറസ്റ്റ് വകുപ്പിന്റെ കോടിക്കണക്കിന് രൂപ വിലമതിക്കുന്ന തടിയും മുളയും ഗുണമേന്മയില്ലാത്ത കുറഞ്ഞ തടിയാണെന്നു പറഞ്ഞ് 22 ലക്ഷം രൂപയ്ക്ക് വിറ്റതുസംബന്ധിച്ച് ആക്ഷേപമുയർന്നപ്പോൾ ഗൗരവമായ അന്വേഷണം നടത്താതെ അന്നത്തെ മന്ത്രിക്ക് താല്പര്യമുള്ള ഉദ്യോഗസ്ഥനെക്കൊണ്ടുള്ള അന്വേഷണം മാത്രമാണ് നടത്തിയത്. അന്നത്തെ പ്രതിപക്ഷ നേതാവായ ഞാൻ നേരിട്ട് പോയി അന്വേഷണം നടത്തിയതിനെത്തുടർന്ന് 98 ലക്ഷം രൂപയ്ക്ക് അത് റീ-ടെന്റർ ചെയ്തു. 18 കോടി രൂപയുടെ ആസ്തിയാണ് ആദ്യം 22 ലക്ഷം രൂപയ്ക്കും പിന്നെ പ്രശ്നമായപ്പോൾ 98 ലക്ഷം രൂപയ്ക്കും കൊടുത്തത്. ഇത്രയും വ്യക്തമായി തെളിഞ്ഞ അഴിമതിയെ സംബന്ധിച്ചുള്ള അന്വേഷണം നടത്താൻ മുൻ ഗവണ്മെന്റ് തയ്യാറായില്ല. എന്നാൽ 9-10 വർഷം പഴക്കമുള്ള മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഈ ഗവണ്മെന്റ് തയ്യാറായി. സബ്ജക്ട് കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തിയ കീഴ്വഴക്കം

ഈ സഭയിലുണ്ട്. കോവളത്തെ സർക്കാർ ഭൂമി കൈയേറ്റം, മറയൂരിലെ ചന്ദനത്തോട്ടത്തിലെ മരങ്ങൾ നഷ്ടപ്പെട്ടതുസംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഉന്നയിച്ചിരുന്നു. മതികെട്ടാനിലെ കൈയേറ്റം സംബന്ധിച്ച് പത്രവാർത്തയും മറ്റും വന്നതിനെത്തുടർന്ന് അന്ന് പ്രതിപക്ഷനേതാവായിരുന്ന ഞാൻ അവിടെപോയി. യഥാർത്ഥ വസ്തുതകൾ ചൂണ്ടിക്കാണിച്ച് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും അന്നത്തെ മുഖ്യമന്ത്രി അഡീഷണൽ ചീഫ് സെക്രട്ടറിയെ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും രണ്ടുമൂന്നാഴ്ചയ്ക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് വരികയും കൈയേറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് അവരെ അവിടെ നിന്നും ഒഴിപ്പിക്കുകയും ചെയ്യുക മാത്രമല്ല ഇപ്പോൾ അതൊരു ദേശീയ പാർക്കായി പ്രഖ്യാപിച്ചിരിക്കുകയുമാണ്. പൂയംകുട്ടി മലനിരകളിലും ഭൂമി കൈയേറിയപ്പോൾ കയ്യേറ്റം നടന്നിട്ടില്ലായെന്ന് വസ്തുതാവിരുദ്ധമായ പ്രസ്താവനയാണ് ബന്ധപ്പെട്ടവർ നടത്തിയത്. അവസാനം അന്നത്തെ വകുപ്പു മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും കയ്യേറ്റം നടന്നിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയും ചെയ്തു. കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും സ്വത്താണ് വിലപ്പെട്ട നമ്മുടെ വനഭൂമി. മന്ത്രിസഭയിലെ സ്വാധീനമുപയോഗിച്ച് വനം കൈയേറാൻ ശ്രമിച്ച കേസുകളിൽ മതികെട്ടാനിലെ കേസിലൊഴികെ മറ്റൊന്നിലും കഴിഞ്ഞ യു.ഡി.എഫ് ഗവണ്മെന്റ് വേണ്ട നടപടി സ്വീകരിച്ചിട്ടില്ല. മറയൂരിലെ ചന്ദനത്തോട്ടങ്ങളിൽ നിന്ന് ചന്ദനമരങ്ങൾ വെട്ടിമുറിച്ച് 26 ചന്ദന ഫാക്ടറികളിൽ വച്ച് പ്രോസസ് ചെയ്ത് വിറ്റ് ചന്ദന മാഫിയകൾ കോടികൾ സമ്പാദിക്കുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. വിലപ്പെട്ട നമ്മുടെ സ്വത്ത് ഇങ്ങനെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രിക്കോ ഗവണ്മെന്റിനോ ക്യാബിനറ്റിനോ ഒന്നും

ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ക്രമവിരുദ്ധമായ നിലയിൽ ചന്ദന ഫാക്ടറികളിൽ പ്രോസസ് ചെയ്ത് ചന്ദനം വിറ്റതുസംബന്ധിച്ച് അന്നത്തെ പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയെത്തുടർന്ന് അന്വേഷണം നടത്തുകയും 24 ചന്ദനഫാക്ടറികൾ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടാവുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിലപ്പെട്ട സ്വത്ത് സംരക്ഷിക്കുന്ന കാര്യത്തിൽ കഴിഞ്ഞ ഗവണ്മെന്റ് പരാജയപ്പെട്ടു എന്ന സത്യം മറച്ചുവയ്ക്കാനുള്ള ശ്രമമാണ് നടന്നിട്ടുള്ളത്. സ്ത്രീകളുടെ പരിരക്ഷയെക്കുറിച്ച്, പ്രത്യേകിച്ച് പ്രായമാകാത്ത പെൺകുട്ടികളുടെ സംരക്ഷണത്തെ സംബന്ധിച്ച് ഗൗരവമായിത്തന്നെ ഈ ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. സൂര്യനെല്ലിക്കേസിൽ ചാരിത്ര്യം നഷ്ടപ്പെട്ട പെൺകുട്ടിയുടെ മാതാപിതാക്കൾ മുഖ്യമന്ത്രിക്ക് പരാതിനൽകിയിട്ട് ഔപചാരികമായിട്ട് മൂന്നു നാലു പേരുടെ പേരിൽ കേസെടുക്കുകയല്ലാതെ മറ്റ് നടപടികളൊന്നും അന്നത്തെ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിരുന്നില്ല. അതിനുശേഷം വന്ന എൽ.ഡി.എഫ്. ഗവണ്മെന്റാണ് സൂര്യനെല്ലിക്കേസ് സംബന്ധിച്ച് നടപടി സ്വീകരിച്ചത്. ഈ കേസ് അന്വേഷിക്കാൻ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുക മാത്രമല്ല അതിനായി ഒരു സ്പെഷ്യൽ കോടതിതന്നെ സ്ഥാപിച്ചു. മുപ്പത്തിയെട്ടോളം പേരെ പ്രതികളാക്കി കേസെടുക്കുകയും ജീവപര്യന്തം തടവിൽ കുറയാത്ത ശിക്ഷ പ്രതികൾക്ക് നൽകുകയും ചെയ്തു. എന്നാൽ അതിനുശേഷം അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവണ്മെന്റ് ഹൈക്കോടതിയിൽ അപ്പീലിനുപോവുകയും പ്രതികളെ വെറുതെ വിട്ടുകൊണ്ട് സ്പെഷ്യൽ കോടതി വിധിയെ അസ്ഥിരപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ നിരവധി സംഘടനകൾ അന്നത്തെ യു.ഡി.എഫ്. സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ഒരു വർഷം കഴിഞ്ഞാണ് അപ്പീൽ നൽകിയത്. അഴിമതിക്കേസുകൾ

കൈകാര്യം ചെയ്യുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നയസമീപനത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചത്. കൊട്ടിയം പെൺവാണിഭ കേസ്സിലെ പെൺകുട്ടി ജീവിച്ചിരുന്നപ്പോൾ മൂന്ന് പത്രപ്രവർത്തകർ ആ കുട്ടിയുമായി ഇന്റർവ്യൂ നടത്തിയിട്ട് കാര്യങ്ങൾ സത്യസന്ധമായി കൈകാര്യം ചെയ്യണമെന്നുപറഞ്ഞ് ഒരു സി.ഡി. എന്നെ ഏൽപ്പിച്ചു. ഈ കേസ് ഗൗരവമായി അന്വേഷിച്ച് പ്രതികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ ആ സി.ഡി. അന്നത്തെ മുഖ്യമന്ത്രിയെ ഏൽപ്പിച്ചിട്ട് ഒന്നരക്കൊല്ലത്തോളം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഒരു മറുപടിയും ഉണ്ടായില്ല. കിളിരൂർ കേസ്സിലെ ശാരി എന്ന കുട്ടി ആശുപത്രിയിൽ കഴിഞ്ഞപ്പോൾ ഞാൻ സന്ദർശിച്ചു. ആ കുട്ടിയുടെ അച്ഛനമ്മമാരോട് വിവരങ്ങൾ അന്വേഷിച്ചിരുന്നു. കിളിരൂർ, കവിയൂർ കേസ്സുകൾ പിന്നീട് സി.ബി.ഐ.ക്ക് വിട്ടുവെങ്കിലും കൂടുതൽ കാര്യങ്ങൾ തെളിയിക്കാൻ കഴിഞ്ഞില്ല. കിളിരൂർ കേസിലെ ശാരി എന്ന കുട്ടിയുടെ മരണം എങ്ങനെ സംഭവിച്ചുവെന്നുള്ള കാര്യത്തിൽ സി.ബി.ഐ.യുടെ അന്വേഷണം തൃപ്തികരമല്ലെന്നും ആ കുട്ടിയുടെ കുഞ്ഞിനെ പോറ്റുന്നതിന് ആ കുട്ടിയുടെ മാതാപിതാക്കൾക്ക് കഴിയുന്നില്ലെന്നും അതിനുവേണ്ടി സർക്കാരിൽനിന്നും നടപടി ഉണ്ടാകണമെന്നും ശാരിയുടെ മാതാപിതാക്കളും മറ്റ് ബന്ധുക്കളും എന്നോട് പറഞ്ഞിരുന്നു. ആ കേസ്സിലെ സത്യാവസ്ഥ കണ്ടെത്തി ജനങ്ങൾക്കുമുമ്പിൽ കൊണ്ടുവരുന്നതിനായി ശാരിയെ ചികിൽസിച്ച ഡോക്ടറിൽനിന്നും മറ്റ് ബന്ധപ്പെട്ടവരിൽനിന്നും യഥാർത്ഥ വിവരങ്ങൾ കണ്ടെത്തി കഴിയുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയും ജനങ്ങളുടെ ക്ലേശങ്ങൾ കാണാതെയുമാണ് ഗവൺമെന്റിനെ ആക്രമിക്കാൻ പ്രതിപക്ഷം

തുനിയുന്നത്. തെറ്റ് തിരുത്തി ശരിയായ പാത സ്വീകരിക്കാൻ ഇനിയും പ്രതിപക്ഷം തയ്യാറാകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരുമാസത്തിനിടയിൽ ഒരു മന്ത്രിക്കുനേരെ പ്രതിപക്ഷം ഉന്നയിച്ച ആരോപണം അന്വേഷിക്കാമെന്ന് പറഞ്ഞിട്ടും അദ്ദേഹത്തിനുനേരെ കരിങ്കൊടി കാണിച്ച് അക്രമപ്രവർത്തനങ്ങൾ നടത്തുന്നതിനായി യൂത്ത് കോൺഗ്രസ്സുകാരെ ഇളക്കിവിടുകയാണ് ചെയ്തത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഇപ്പോൾ 48 ലക്ഷം രൂപയാണുള്ളത്. ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് വ്യക്തമായ വിവരം ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കും. പ്രമാണിമാരുടെ സമ്പത്തിന്മേലുള്ള നികുതിപ്പണം നേരായവഴിയിലൂടെ ഖജനാവിലേയ്ക്ക് സമാഹരിച്ച് ജനങ്ങൾക്ക് ആശ്വാസകരമായ കാര്യങ്ങൾ ചെയ്യും. അതിനിടയിൽവരുന്ന പോരായ്മകൾ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചാൽ അവകൂടി പരിഗണിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ മുൻമന്ത്രിമാരുടെ പാതയാണ് ഞങ്ങളും തുടരുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ പ്രതിപക്ഷത്തിന്റെ ഉപദേശംകൂടി ഉണ്ടായാൽ വേണ്ട രീതിയിൽ ഗവൺമെന്റിന് മുന്നോട്ടുപോകാനാകും മൈത്രി ഭവനനിർമ്മാണ പദ്ധതിയെ സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് നിലവിലുള്ള കീഴ്‌വഴക്കമനുസരിച്ച് നിയമസഭാ കമ്മിറ്റി രൂപീകരിക്കും. ബി.എ.സി.യിൽ പ്രതിപക്ഷനേതാവുമായി ഇക്കാര്യം സംസാരിച്ചു. കഴിഞ്ഞ പി.എ.സി. ഈ വിഷയം പരിഗണിച്ചപ്പോൾ മെമ്പർമാർ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചതായിട്ടാണ് അറിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയെ മാറ്റിനിർത്തി അന്വേഷിക്കണമെന്നു പറഞ്ഞതിനോട് യോജി ക്കാനാവില്ല. കാരണം, ഹൗസിംഗ് ബോർഡ് ശ്രീ.പി.ജെ. ജോസഫിന്റെ കീഴിൽ വരുന്നതല്ല; അദ്ദേഹം മരാമത്ത് വകുപ്പുമന്ത്രിയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷം

മുൻവിധി സ്വീകരിക്കുന്നത് ശരിയല്ല. പ്രതിപക്ഷത്തിന്റെകൂടി ഐക്യമുണ്ടായാൽ വേഗംതന്നെ കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനാകും. ഇത് അന്വേഷിക്കാൻ നിയമസഭാ സമിതി രൂപീകരിക്കുമെന്നുള്ള ഗവൺമെന്റിന്റെ അഭിപ്രായത്തിന് മാറ്റമില്ല. പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലിയെ സംബന്ധിച്ച് ശ്രീ. പി.കെ. ഗുരുദാസൻ ട്രേഡ് യൂണിയൻ നേതാവായിരുന്ന സമയത്തും ഇപ്പോൾ മന്ത്രിയായപ്പോൾ പറഞ്ഞ അഭിപ്രായങ്ങളിലും പൊരുത്തക്കേടുണ്ടായിട്ടില്ല. ശരിയായ നിലയിൽ എത്രയുംപെട്ടെന്ന് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കും. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ഇപ്പോൾ ലഭിക്കുന്ന പരാതികളെ സംബന്ധിച്ച് ശരിയായ രീതിയിൽ അന്വേഷണം നടത്തുമെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് യു.ഡി.എഫ്. കൊണ്ടുവന്ന പരിഷ്ക്കാരങ്ങൾവഴി മുസ്ലീം കമ്മ്യൂണിറ്റിയിൽപ്പെട്ടവർക്ക് അർഹമായ നിലയിൽ ഉദ്യോഗം ലഭിക്കാനാവില്ല. ഈ പരിഷ്ക്കാരംമൂലം മുസ്ളീം സമുദായത്തിന് പ്രയോജനമുണ്ടാവില്ലെന്നുമാത്രമല്ല ഇന്ന് ലഭിക്കുന്ന ക്വാട്ടകൂടി അവർക്ക് നഷ്ടമാകും. അറബിക് ടീച്ചേഴ്സ് എന്ന തസ്തികയിൽ മുഴുവൻ ശതമാനവും മുസ്ലീം സമുദായക്കാരാണ് വരുന്നത്. അവർക്ക് പി.എസ്.സി. സെലക്ഷൻവഴി ജോലി ലഭിക്കാത്ത രീതിയിലാണ് പുതിയ പരിഷ്ക്കാരം കഴിഞ്ഞ സർക്കാർ കൊണ്ടുവന്നത്. പി.എസ്.സി. ചെയർമാൻ ഉൾപ്പെടെയുള്ളവർ ഗവൺമെന്റുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യത്തിൽ അവരുടെ ഉത്കണ്ഠ അറിയിച്ചിരിക്കുകയാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ.നരേന്ദ്രനെപോലുള്ള ഉയർന്ന ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അവരുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് അർഹതപ്പെട്ടവർക്ക് ന്യായമായ ആനുകൂല്യം നൽകാൻ എത്രയുംവേഗം നടപടി സ്വീകരിക്കും. .

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായിട്ടുള്ള പി.എ.സി. കമ്മിറ്റിയിൽ മൈത്രി ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ചുള്ള വിഷയം ചർച്ച ചെയ്തിരുന്നതും കമ്മിറ്റി യുനാനിമസ്സായി ഒരു തീരുമാനം എടുത്തതുമാണ്. ആ തീരുമാനത്തിന്റെ ഡീറ്റയിൽസ് അടങ്ങിയ പ്രൊസീഡിംഗ്സ് ഉണ്ട്. പ്രൊസീഡിംഗ്സിൽ വ്യത്യസ്തമായ തീരുമാനമുണ്ടെങ്കിൽ അതു പരിശോധിക്കണം. യുനാനിമസ്സാണെങ്കിൽ ആ തീരുമാനം അനുസരിച്ച് നടപടി എടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ വിഷയം സംബന്ധിച്ച് ആവശ്യമായ ചർച്ച നടത്തുകയും അന്വേഷണത്തിന് സന്നദ്ധമാണെന്ന് അറിയിക്കുകയും ചെയ്തു. അന്വേഷണത്തിനായി അംഗങ്ങളെ തീരുമാനിക്കേണ്ടതു മാത്രമേയുള്ളൂ. അതിൽ സഹകരിക്കാൻ കഴിയില്ലെന്ന് പ്രതിപക്ഷനേതാവ് പറയുന്നതിന്റെ കാരണം ശ്രീ. പി.ജെ. ജോസഫിനു പകരം മറ്റ് പലരും പിടിയിലാകുമെന്നുള്ളതുകൊണ്ടാണ്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച നന്ദിപ്രമേയം 41-നെതിരെ 91 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.

.